
# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

MARCH 2015



TRICHUR
ARCHDIOCESAN
**Bulletin**

പുസ്തകം : 82
2015 മാർച്ച്
ലക്കം : 3

## ഈ ലക്കത്തിൽ


- ഇടയലേഖനം 1
- സർക്കുലർ 9-22
- ഇടയലേഖനം 23
- കച്ചേരികാര്യം 30
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ – മാർച്ച് 53
- സഹായമെത്രാന്റെ പരിപാടികൾ – മാർച്ച് 55
- നാളാഗമം 56
- സാമ്പത്തിക കാര്യാലയം 59
- വൈദികർ 63
- സന്യസ്തർ 67
- സ്ഥാപനങ്ങൾ 74
- സാന്ത്വനം 93
- സംഘടനകൾ 97


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325,
2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

513/ 2015
12.02.2015 P-1

# ഇടയലേഖനം

## ആൻഡ്രൂസ് താഴത്ത്

ഈശോയിൽ പ്രിയ വൈദികരേ, ബഹു. സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

ജീവിതനവീകരണത്തിന്റെ കാലഘട്ടമായ നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. നാല്പതുദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച യേശു (ലൂക്കാ 4:1–18) ഈ നോമ്പുകാലത്തു നമുക്കു നൽകുന്ന സന്ദേശം പ്രാർത്ഥനയുടേയും പശ്ചാത്താപത്തിന്റേയും ഉപവാസത്തിന്റേയും പരോപകാരത്തിന്റേയും പരസ്നേഹത്തിന്റെയുമാണ്. ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് പറയുന്നതുപോലെ ആധുനിക കാലഘട്ടത്തിൽ നവീകരണം ഏറ്റവും അധികം ആവശ്യമായിരിക്കുന്നത് സഭയുടേയും സമൂഹത്തിന്റേയും അടിസ്ഥാനമായ കുടുംബത്തിലാണ്. പരമ്പരാഗതമായി കാത്തുപരിപാലിച്ചുപോന്ന കുടുംബദർശനത്തിന്റെ അടിത്തറകൾക്കുത്തന്നെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് യേശുവിന്റെ സുവിശേഷത്തിലൂടെ കുടുംബങ്ങളെ നവീകരിക്കാൻ ലക്ഷ്യം വച്ചുകൊണ്ട് മെത്രാന്മാരുടെ സിനഡുകൾ മാർപാപ്പ വിളിച്ചുകൂട്ടിയിരിക്കുന്നത്. 2014–2015 വർഷങ്ങളിലെ സിനഡുകളുടെ വിഷയങ്ങളുടെ പശ്ചാത്തലത്തിൽ കുടുംബത്തെക്കുറിച്ച് ഈ നോമ്പുകാലത്ത് ചിന്തിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

**കുടുംബങ്ങളെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡുകൾ :** 2014 ഒക്ടോബർ 5 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ റോമിൽ വച്ച് നടന്ന മെത്രാന്മാരുടെ സിനഡിന്റെ മൂന്നാം അസാധാരണ സമ്മേളനത്തിന്റെ പ്രധാന ചർച്ചാവിഷയം "സുവിശേഷവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങൾ നേരിടുന്ന അജപാലനപരമായ വെല്ലുവിളികൾ" എന്നതായിരുന്നു. ക്രൈസ്തവ കുടുംബദർശനം ഉൾക്കൊണ്ട്, വെല്ലുവിളികെളെ അതിജീവിച്ച് ജീവന്റെ സംസ്കാരത്തെ കെട്ടിപ്പടുക്കുകയെന്ന ഉത്തരവാദിത്വത്തോടെ അടുത്ത തലമുറയെ എങ്ങനെ വാർത്തെടുക്കാം എന്ന ചിന്തയോടുകൂടിയാണ് സിനഡിൽ മെത്രാന്മാരും പ്രതിനിധികളും ഒത്തുചേർന്നത്. "കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലീന ലോകത്തിലും" എന്ന പ്രമേയവുമായി 2015 ഒക്ടോബർ 4 മുതൽ 25 വരെ റോമിൽ നടക്കാൻ പോകുന്ന മെത്രാന്മാരുടെ പതിനാലാം സാധാരണ സിനഡിന്റെ ഒരുക്കമായാണ് ഫ്രാൻസിസ് പാപ്പ 2014ലെ സിനഡിനെ വിഭാവനം ചെയ്തത്. 2014ന്റെ സിനഡിന്റെ നിർദ്ദേശ

ങ്ങൾ അടങ്ങുന്ന പഠനരേഖ ആഗോളസഭ മുഴുവൻ ചർച്ച ചെയ്ത് അഭിപ്രായങ്ങൾ അയയ്ക്കുവാൻ മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു.

**ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ :** മാർപാപ്പയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് നമ്മുടെ അതിരൂപതയിലെ ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ കുടുംബങ്ങളെ കുറിച്ചുള്ള സിനഡിന്റെ വിഷയവുമായി ബന്ധപ്പെട്ട് 2014 ൽ 14600 വ്യക്തികളിൽ ഒരു സർവ്വേ നടത്തുകയുണ്ടായി. സർവ്വേയിൽ നിന്ന് മനസ്സിലാക്കുന്നതുപോലെ സമാധാനവും സന്തോഷവും കെട്ടുറപ്പുള്ള കുടുംബ സാഹചര്യങ്ങൾ പരമ്പതാഗത പശ്ചാത്തലത്തിൽ ഇന്നും നമുക്കുണ്ട് എന്നതിൽ നമുക്ക് ദൈവത്തിന് നന്ദി പറയാം. എങ്കിലും ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് പാശ്ചാത്യലോകത്ത് സർവ്വ സാധാരണമായി കാണുന്ന കുടുംബത്തകർച്ചകളുടെ കാരണങ്ങൾ, നമ്മുടെ സമൂഹത്തിലും കടന്നുകൂടിയിരിക്കുന്നതായി സർവ്വേയിൽ ചൂണ്ടികാട്ടുന്ന നൂതന പ്രവണതകൾ നമ്മെ ആശങ്കപ്പെടുത്തുന്നു. പാശ്ചാത്യലോകത്തിന്റേയും മാധ്യമ സ്വാധീനത്തിന്റേയും പ്രവാസി ജീവിതത്തിന്റേയും പശ്ചാത്തലത്തിൽ വളർന്നു വരുന്ന തെറ്റായ പ്രവണതകളെക്കുറിച്ചും പ്രതിവിധികളെക്കുറിച്ചും അവബോധമുള്ളവരാകേണ്ടിയിരിക്കുന്നു.

ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് സിനഡിന്റെ പഠനരേഖയുടെ അടിസ്ഥാനത്തിൽ ചുരുക്കി പറയുന്നു. വിവാഹമെന്ന കൂദാശയുടെ പവിത്രതയെ കളങ്കപ്പെടുത്തി ക്രൈസ്തവകുടുംബമൂല്യങ്ങളെ കാറ്റിൽ പറത്തി സ്വന്തം ഇഷ്ടാനിഷ്ടങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന വ്യക്തിത്വവാദത്തിലേക്കും ഉപഭോഗസംസ്കാരത്തിലേക്കും ഈ ലോകം എത്തിചേർന്നിരിക്കുന്നു. സമകാലീനസംസ്കാരത്തിൽ ദൈവവിശ്വാസത്തിന്റെ അഭാവം കൊണ്ടും ബന്ധങ്ങളുടെ ക്ഷണഭംഗുരതകൊണ്ടും തകർത്തെറിയുന്നത് ഓരോ കുടുംബത്തിന്റെയും അടിത്തറയാണെന്നത് നമ്മൾ മറക്കരുത്. ആധുനികതയുടെ പല പ്രത്യയശാസ്ത്രങ്ങളിലും നിഷേധിക്കപ്പെടുന്നത് സംരക്ഷണം കൂടുതൽ ആവശ്യമുള്ള കുട്ടികളുടെയും സ്ത്രീകളുടെയും അവകാശമാണ്. അതിന്റെ ഭാഗമായി സ്ത്രീപീഢനവും ഭ്രൂണഹത്യയും, പ്രത്യേകിച്ച് പെൺഭ്രൂണഹത്യയും കുട്ടികളെ ലൈംഗികമായി ദുരുപയോഗിക്കലും തുടർസംഭവമായി തീരുന്നു. ആഗോളീകരണത്തിന്റെ ഭാഗമായി കാണുന്ന മിശ്രവിവാഹം, മതാന്തരവിവാഹം, വിവാഹം കഴിക്കാതെയുള്ള കൂടിതാമസം, വിവാഹമോചനം, സ്വവർഗവിവാഹം, പരീക്ഷണവിവാഹം, ഗർഭനിരോധനം, പ്രസവം നിറുത്തൽ അടക്കമുള്ള വന്ധ്യംകരണം, ഗർഭഛിദ്രം തുടങ്ങിയവ പരമ്പരാഗതമായ കുടുംബദർശനത്തെ പൊളിച്ചെഴുതുകയും വിശ്വാസബന്ധങ്ങളെ തകർത്തു കളയുകയും ചെയ്യുന്നു. വർദ്ധിച്ചുവരുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ, സാമ്പത്തികപ്രശ്നങ്ങൾ, ജനസംഖ്യാശോഷണം, സോഷ്യൽ മീഡിയയുടെ നിഷേധാത്മക സ്വാധീനം,

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമത്തം എന്നിവ പലപ്പോഴും നമ്മുടെ കുടുംബങ്ങളുടെ തകർച്ചക്ക് നിദാനമാകുന്നു. പ്രിയ സഹോദരീസ ഹോദരന്മാരേ, ജനത്തിരക്കിൽ നിന്ന് അല്പം മാറി ഈ നോമ്പുകാലത്തിൽ ക്രിസ്തുവിനോട് ചേർന്ന് സ്വന്തം കുടുംബത്തെ കുറിച്ച് പുനർവിചിന്തനം നടത്തുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. സഭയും സമൂഹവും ഒത്തൊ രുമിച്ച് കൂട്ടുത്തരവാദിത്വത്തോടുകൂടെ നമ്മുടെ കുടുംബപ്രശ്നങ്ങൾക്ക് പരി ഹാരം കാണുവാൻ പരിശ്രമിക്കേണ്ടതുണ്ട്.

**ശരിയായ ക്രൈസ്തവ കുടുംബ ദർശനം :** മുകളിൽ സൂചിപ്പിച്ച കുടുംബപ്രശ്നങ്ങൾക്ക് ഏറ്റവും പ്രധാനമായിട്ടുള്ള പരിഹാരമാർഗ്ഗം ശരിയായ ക്രൈസ്തവ ദർശനത്തെക്കുറിച്ചുള്ള ബോധ്യം ഏവരിലും ഉളവാക്കുകയെന്നതാണ്. "ക്രിസ്തുവിന്റെ കുടുംബ സുവിശേഷമാണ്" കുടുംബത്തിൽ പ്രകാശിതമാകേണ്ടത്. ആദിയിൽ മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ച് (ഉൽപ.1:27) വിവാഹത്തിൽ ഒന്നിപ്പിച്ച് (ഉൽപ. 2:24), ഒറ്റ ശരീരമാക്കി തീർത്ത്, ഫലപുഷ്ടിയുള്ളവരായി വളരാൻ അനുഗ്രഹിച്ചപ്പോൾ (ഉൽപ.1:28) ദൈവം കുടുംബത്തിന് അടിത്തറ നൽകി. എന്നാൽ മനുഷ്യന്റെ പാപം വിവാഹബന്ധങ്ങൾക്ക് കോട്ടംവരുത്തി, വിവാഹമോചനത്തിന് സാധുതകളുമുണ്ടാക്കി (നിയമാ.24:1). എന്നാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്തുവാൻ പാടില്ലായെന്ന യേശുവിന്റെ കല്പനയിലൂടെ (മത്താ.19:6) യേശു വിവാഹത്തിന്റെ കൗദാശികതയും ഐക്യവും അഭേദ്യതയും അരക്കിട്ടുറപ്പിച്ചു. സൃഷ്ടികർമ്മത്തിൽ ഉദ്ഭവിച്ചതും രക്ഷാചരിത്രത്തിൽ വെളിവാക്ക പ്പെട്ടതുമായ ദാമ്പത്യസ്നേഹം അതിന്റെ പൂർണ്ണമായ അർത്ഥം സ്വീകരിക്കുന്നത് ക്രിസ്തുവിലും സഭയിലുമാണ്. ദൈവത്തിന് സാക്ഷ്യം വഹിക്കാനും കൂട്ടായ്മയുടെ ജീവിതം നയിക്കാനും അത്യാവശ്യമാ യിരിക്കുന്ന പ്രസാദവരം വിവാഹത്തിനും കുടുംബത്തിനും സഭയിലൂടെ ക്രിസ്തു നൽകുന്നു.

സുഖദു:ഖ സമ്മിശ്രമാണ് കുടുംബജീവിതം. സ്നേഹമാണ് അതിന്റെ അന്ത:സത്ത. ത്യാഗവും സഹനവുമാണ് അതിനെ മാറ്റുരച്ചു നോക്കുവാനുള്ള അളവുകോൽ. അതിനാൽ ത്യാഗത്തിന്റേയും സഹനത്തിന്റേയും മൂല്യ ങ്ങളെക്കുറിച്ച് ബാല്യകാലം മുതലേ പരിശീലിപ്പിക്കണം. നമ്മുടെ സഭയിലെ വി. അൽഫോൻസാമ്മ നൽകുന്ന പാഠം അതാണ്. 2014 നവംബർ 23ന് നമുക്ക് മദ്ധ്യസ്ഥരായി ലഭിച്ച വി. ചാവറയച്ചന്റെ കുടുംബദർശനവും വി.എവുപ്രാസ്യാമ്മയുടെ പ്രാർത്ഥനാരൂപിയും ഇടവകകളിൽ പഠനവിഷയമാകുന്നത് അവസരോചിതമാണ്. അതുപോലെ കുഞ്ഞിവേണ്ടി രക്തസാക്ഷിത്വം വരിച്ച വി. ജിയന്നയെപോലെയുള്ളവർ നമുക്ക് മാതൃ കയാകണം.

പലപ്പോഴും മക്കൾ വഴി തെറ്റിപോകുന്നതിന്റെ പ്രധാന കാരണം

മാതാപിതാക്കളിൽ നിന്നും സ്നേഹവും മാതൃകയും ആവശ്യമായ തിരുത്തലുകളും ലഭിക്കാത്തതിനാലാണ്. മക്കളെ ഭാരമായി കാണുന്നതും അനാവശ്യമായി അവരെ കുറ്റപ്പെടുത്തുന്നതും അവർ സ്നേഹം തേടി മറ്റുവഴികളിലേയ്ക്കു പോകുന്നതിനു കാരണമാകും. കുട്ടികളെ വളർത്തുന്നതിലെ മാതാപിതാക്കളുടെ ഉത്തരവാദിത്വം ആരംഭിക്കുന്നത് കുഞ്ഞ് അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതലാണെന്ന സത്യം മറക്കരുത്. കുട്ടികളെ ശരിയായ രീതിയിൽ വളർത്തുന്നതിന് (Parenting) മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുകയും അതുപോലെതന്നെ ചെറുപ്പം മുതലേ മൂല്യാധിഷ്ഠിതമായ മാധ്യമസംസ്കാരം കുട്ടികളെ വളർത്തിയെടുക്കുകയും വേണം.

പാശ്ചാത്യരാജ്യങ്ങളിൽ എന്നപോലെ നമ്മുടെയിടയിൽ വർദ്ധിച്ചുവരുന്ന തെറ്റായ സംസ്കാരമാണ് അണുകുടുംബങ്ങളുടേത്. മാത്രമല്ല, കുട്ടികളില്ലാത്ത മാതാപിതാക്കൾ ഏറിവരികയും ചെയ്യുന്നു. പ്രായം വൈകി വിവാഹം കഴിക്കുന്നതും ദൈവദാനമായി മക്കളെ സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നതും അമിതജോലി ശീലമാക്കുന്നതും സ്വാർത്ഥ സുഖത്തിനു മാത്രമായി ദാമ്പത്യത്തെ കാണുന്നതും മറ്റും മക്കളുണ്ടാകാതിരിക്കുന്നതിനും വൈകല്യങ്ങളുള്ള മക്കൾ ഉണ്ടാകുന്നതിനും കാരണങ്ങളായി ചൂണ്ടികാണിക്കപ്പെടുന്നു.

പ്രായമായവർ അധികമുള്ള ഒരു പ്രാദേശിക സഭയായി നമ്മുടെ അതിരൂപത മാറുന്നു. കുടുംബത്തിന്റേയും സഭയുടേയും രാഷ്ട്രത്തിന്റേയും വളർച്ച യുവജനങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. നമ്മുടെ സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയ-കാർഷിക മേഖലകളിൽ നമ്മുടെ സമുദായം പിന്നോട്ടു പോകുന്നുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം അംഗസംഖ്യയിൽ ക്രമാനുഗതമായി ഉണ്ടായ കുറവാണ്. അതിനാൽ Prolife Movement , LOAF തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഗർഭഛിദ്രം, പെൺഭ്രൂണഹത്യ, കുട്ടികളെ ദുരുപയോഗിക്കൽ തുടങ്ങിയവ കൂടിവരുന്ന സാഹചര്യത്തിൽ നാം ജാഗരൂകരാകേണ്ടിയിരിക്കുന്നു.

ഈയടുത്തകാലത്തായി വർദ്ധിച്ചുവരുന്ന ഒരു തെറ്റായ പ്രവണതയാണ് അകത്തോലിക്കരുമായുള്ള മിശ്രവിവാഹവും അക്രൈസ്തവരുമായിട്ടുള്ള മതാന്തരവിവാഹവും. ഇങ്ങനെയുള്ള വിവാഹത്തിന് കുഴപ്പമില്ലെന്ന തെറ്റായ ധാരണ പലരിലും കാണുന്നു. മിശ്രവിവാഹത്തിലും മതാന്തരവിവാഹത്തിലും ഉൾപ്പെടുന്നവരിൽ നല്ല ശതമാനവും വിശ്വാസജീവിതത്തിന്റെ നിസ്സംഗതയിലേയ്ക്കും താമസിയാതെ വിശ്വാസ നിഷേധത്തിലേയ്ക്കും പോകുന്നതായി മനസ്സിലാകുന്നു. ഇങ്ങനെയുള്ളവരുടെ മക്കൾ പൊതുവേ സഭയുമായി ബന്ധമില്ലാത്തവരായിട്ടാണ്

കാണുന്നത്. അതിനാൽ ഇങ്ങനെയുള്ള വിവാഹങ്ങളെ ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. പ്രവാസികളായി പോകുന്ന മക്കളെ ഇക്കാര്യത്തിൽ മാതാപിതാക്കൾ ബോധവത്കരിക്കുകയും അവർ പോകുന്ന സ്ഥലത്തുള്ള കത്തോലിക്കാവൈദികരെ കണ്ടെത്തി സഭയോട് ചേർന്ന് ജീവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും മാതാപിതാക്കളോട് ഞാൻ ആഹ്വാനം ചെയ്യുന്നു. 15 വർഷം മതബോധനം നടത്തിയിട്ടും സാഹചര്യങ്ങൾ മാറുമ്പോൾ, വിശ്വാസം ഉപേക്ഷിച്ച് മറ്റുമതത്തിൽ ചേർന്ന് വിവാഹം നടത്തുന്നു എന്നത് ദുഃഖ കരമാണ്. അതിനാൽ വിശ്വാസപരിശീലനം കൂടുതൽ ശക്തിപ്പെടുത്തുകയും വിവാഹഒരുക്ക ക്ലാസ്സുകൾ ഗൗരവമായി എടുക്കുകയും വേണം. ക്ഷമിക്കാനും പൊറുക്കുവാനും ത്യാഗത്തിന്റെയും സഹനത്തിന്റെയും അർത്ഥം മനസ്സിലാക്കുവാനും വിവാഹശേഷമുള്ള സെമിനാറുകൾ, ക്ലാസ്സുകൾ, കൗൺസിലിംങ്ങ്, ധ്യാനങ്ങൾ തുടങ്ങിയവ ഉപയുക്തമാക്കണം. അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന സംരഭങ്ങൾക്കു എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഇന്ന് നമ്മുടെ സമൂഹത്തിൽ പ്രായമായവർ ഏറിവരുകയാണ്. വൃദ്ധമന്ദിരങ്ങളിൽ തിരക്കേറുന്നു. മക്കൾ ക്രിസ്തുമസ്സിനും ഈസ്റ്ററിനും മറ്റും അതിഥികളായി മാത്രം വരുന്ന അവസ്ഥ സംജാതമാകുന്നു. മാതാപിതാക്കളെ പരിപാലിക്കേണ്ട നാലാം പ്രമാണത്തിന്റെ ഉത്തരവാദിത്വം പലരും മറക്കുന്നു. അപ്പാപ്പനും അമ്മൂമ്മയുമായുള്ള സഹവാസം കുഞ്ഞുങ്ങളുടെ സമഗ്രമായ വളർച്ചയ്ക്കു സഹായകമണെന്ന വസ്തുത നാം തിരിച്ചറിയണം. പ്രായമായവരുടെ നിസ്സഹായാവസ്ഥ മനസ്സിലാക്കി അവരെ സഹായിക്കുവാൻ Palliative care, പകൽവീട് തുടങ്ങിയ സാന്ത്വനപരിരക്ഷ പദ്ധതികൾ ഇടവക-സ്ഥാപന അടിസ്ഥാനത്തിൽ തുടങ്ങുവാൻ പരിശ്രമിക്കേണ്ടതാണ്.

തകർന്ന കുടുംബങ്ങളെ രക്ഷിക്കുന്നതിന് ഏറ്റവും ആവശ്യമായിരിക്കുന്നത് സ്നേഹപൂർവ്വമായ പെരുമാറ്റവും ഇടപഴകലുമാണ്. ആയതിനാൽ കുടുംബങ്ങളെ ക്രൈസ്തവചൈതന്യത്തിൽ രമ്യതയിലേക്ക് കൊണ്ടുവരുവാൻ അനുരഞ്ജനസമിതികൾ ഇടവകതലത്തിൽ ശക്തമാക്കണം. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ "സഭ എല്ലാവരേയും -വൈദികരേയും സന്യസ്തരേയും അത്മായരേയും" 'സഹഗമനകല'യിലേക്ക് പ്രവേശിപ്പിക്കണം (പഠനരേഖ: 46).

സാമ്പത്തികമായി വിഷമിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ആദിമക്രൈസ്തവസമൂഹം പങ്കുവയ്ക്കുന്ന സമൂഹമായിരുന്നു (അപ്പ. 4:32-34). ''അതുകൊണ്ട് അവരുടെയിടയിൽ ദാരിദ്ര്യമുള്ളവർ ആരുമുണ്ടായിരുന്നില്ല" (അപ്പ. 4:34). അതിനാൽ പാവപ്പെട്ട കുട്ടികളുടെ വിവാഹസഹായം, പഠനസഹായം, കുടുംബങ്ങളെ സഹായിക്കുന്ന God's own Family തുടങ്ങിയ കാരുണ്യപദ്ധതികൾക്കു സഹായം

ചെയ്യുവാൻ നോമ്പുകാലചൈതന്യത്തിൽ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

പ്രിയ സഹോദരി, സഹോദരന്മാരേ വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നതുപോലെ "സമൂഹം കുടുംബത്തിലൂടെയാണ് കടന്നുപോകുന്നത്". കുടുംബം നന്നായാൽ സഭയും സമൂഹവും നന്നായി. കുടുംബം യേശുവിന്റെ സുവിശേഷത്താൽ പ്രകാശിതമായാൽ സഭയും സമൂഹവും പ്രകാശിതമാകും. അതിനാൽ ഈ നോമ്പുകാലത്ത് കുടുംബനവീകരണത്തിനായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. നോമ്പുകാല ചൈതന്യത്തിൽ തിൻമയെ നശിപ്പിക്കുവാനായി പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്യത്തിന്റെയും മനോഭാവത്തിൽ നമുക്കു യേശുവിനോടു കൂടെ ഉപവസിക്കാം. ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും എല്ലാ നുകങ്ങൾ ഒടിക്കുകയും, വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്നു ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതാണ് ഈ ഉപവാസം" (ഏശയ്യ 58:67). ഈ നോമ്പുകാലത്ത് പരിശുദ്ധാതാമാവിന്റെ കൃപാവരം ഏവർക്കും ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് അടുത്തുവരുന്ന ഉയിർപ്പുതിരുനാളിന്റെ ആശംസകൾ ഏവർക്കും നേരുന്നു. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ തീർത്ഥകേന്ദ്രമായ പാലയൂരിലേക്ക് പ്രാർത്ഥനയുടേയും പരിഹാരത്തിന്റെ വിശ്വാസപ്രഖ്യാപനത്തിന്റേയും മനോഭാവത്തോടെ നാം നടത്തുന്ന ''പാലയൂർ മഹാതീർത്ഥാടന"ത്തിൽ നമ്മുടെ കുടുംബങ്ങളെ സമർപ്പിച്ച് നിയോഗം വച്ച് പ്രാർത്ഥിക്കാം. കാനായിലെ കുടുംബത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞു യേശുവിൽ നിന്നും വരദാനങ്ങൾ വാങ്ങി കൊടുത്ത യേശുവിന്റെ അമ്മ നമുക്കും നമ്മുടെ കുടുംബങ്ങൾക്കും വേണ്ടി മാദ്ധ്യസ്ഥം വഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** ഈ ഇടയലേഖനം 2015 മാർച്ച് 8 ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.
2015 ഒക്ടോബറിൽ നടക്കുന്ന സിനഡിന്റെ പഠനരേഖയെ അടിസ്ഥാനപ്പെടുത്തിയുള്ള ചോദ്യാവലിയുടെ വെളിച്ചത്തിൽ ഇടവകയുടെ അഭിപ്രായങ്ങൾ 2015 മാർച്ച് 17 ന് മുമ്പ് അതിരൂപതാകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.
**+AT**

558/2015
20.02.2015 C- 2

## സർക്കുലർ

# ദൈവവിളിവാരം

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

മാനനരക്ഷാചരിത്രത്തിലെ നിർണ്ണായകസംഭവമായ പെസഹാ രഹസ്യത്തിന്റെ അനുസ്മരണവും ആഘോഷവും നടക്കുന്നത് ആണ്ടു വട്ടത്തിലെ മാർച്ച്-ഏപ്രിൽ മാസങ്ങളിലാണല്ലോ. മനുഷ്യകുലത്തിനായി സ്നേഹപിതാവായ ദൈവം വിഭാവനം ചെയ്ത രക്ഷാകരപദ്ധതി അതിന്റെ സമഗ്രതയിൽ ചുരുളഴിയപ്പെട്ടത് ഈ കാലയളവിൽ നമ്മുടെ സുപ്രധാന പരിചിന്തനവിഷയമാവുകയാണ്. ഏതാണ്ട് ഈ സമയത്തു തന്നെയാണ് നമ്മുടെ ഇളംതലമുറയും, പരീക്ഷകളുടെ ആലസ്യങ്ങൾക്കും ആവലാതികൾക്കും ശേഷം, തങ്ങൾക്കായി ദൈവം കരുതിയിട്ടുള്ള രക്ഷാകരപദ്ധതിയെ ജീവിതാവസ്ഥയെ കുറിച്ച് ജാഗ്രതയോടെ വിചിന്തനം ചെയ്യുന്നത് എന്നത് ഏറെ പ്രസക്തമാണ്. 'നിങ്ങളെ കുറിച്ചുള്ള പദ്ധതിയ എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്ക് ശുഭകരമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി' (ജറെ. 29:11) എന്ന തിരുവചനത്തിന്റെ പൊരുൾ നമുക്ക് സുവിദിതമാണല്ലോ. മറ്റുള്ളവരുടെ, പ്രത്യേകിച്ച് തങ്ങളുടെ മാതാപിതാക്കളുടെ, ബന്ധുമിത്രങ്ങളുടെ, അധ്യാപകരുടെ, പ്രതീക്ഷയ്ക്കൊത്തുയരാൻ ഏറെ കഠിനാധ്വാനം ചെയ്യുന്ന നമ്മുടെ കുട്ടികളും യുവജനങ്ങളും ദൈവത്തിന് തങ്ങളെകുറിച്ചുള്ള പ്രതീക്ഷകളും പദ്ധതികളും എന്തൊക്കെയാണെന്ന് വിവേചിച്ചറിയാൻ ന്യായമായും ശ്രമിക്കേണ്ടതല്ലേ? അതിനുള്ള ഒരവസരമാണ് ദൈവവിളി വാരാചരണത്തിലൂടെ സംലബ്ധമാക്കപ്പെടുക. അതിനാൽ അർഹിക്കുന്ന ഗൗരവത്തോടെ ദൈവവിളി വാരാചരണത്തിൽ എല്ലാവരും പങ്കുചേരണമെന്ന് ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

പൊതുവായി പറഞ്ഞാൽ, ദൈവത്തിന് നമ്മെ ഓരോരുത്തരെയും കുറിച്ചുള്ള പദ്ധതി ഏതെന്ന് തിരിച്ചറിയാൻ അനുയോജ്യമായ പ്രാർത്ഥനാ-പഠനാന്തരീക്ഷമാണ് ദൈവവിളി വാരാചരണത്തിലൂടെ കരഗതമാകുക. ജീവിതാവസ്ഥ തെരഞ്ഞെടുത്തവരെ സംബന്ധിച്ച് ദൈവം തങ്ങൾക്ക് നൽകിയ വിളിക്കനുസൃതമായ വിശ്വസ്തതയോടുകൂടി തന്നെയാണോ തങ്ങളുടെ ജീവിതചക്രം ചലിച്ചുകൊണ്ടിരിക്കുന്നത്

എന്ന് വിവേചിച്ചറിയാനുള്ള ഒരവസരം കൂടിയാണത്. അങ്ങനെ ദൈവവിളി വാരാചരണം സഭാതനയർക്കെല്ലാവർക്കും കുറച്ചുകൂടി കൂടുതൽ ദൈവത്തിന്റേതാകാനും ജീവിതാവസ്ഥയ്ക്കാവശ്യമായ ആത്മീയശക്തി സമാർജ്ജിക്കാനുമുള്ള അനുഗ്രഹത്തിന്റെ അവസരമാണ്.

പരി. പിതാവ് ഫ്രാൻസിസ് പാപ്പ സമർപ്പിതവർഷം പ്രഖ്യാപിച്ചിരിക്കയാൽ ഈ ദൈവവിളി വാരത്തിൽ സമർപ്പിതരെയും സമർപ്പിതജീവിതത്തെയും കുറിച്ച് ചിന്തിക്കുന്നത് തികച്ചും സന്ദർഭോചിതവുമായി തീർന്നിരിക്കുകയാണ്. പിതാവായ ദൈവത്തിന് തന്റെ മക്കളായ മനുഷ്യരോടുള്ള അതിരറ്റ സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളങ്ങളാണ് സമർപ്പിതർ. തിന്മ ക്ഷണിച്ചു വരുത്തുന്ന സമൂലനാശത്തിന് തടയിടാൻ ദൈവംതന്നെ കനിഞ്ഞു നൽകുന്ന സാന്നിധ്യമാണ് സമർപ്പിതരുടേത്. ഉല്പത്തി ഗ്രന്ഥത്തിലെ 18-ാം അധ്യായം 16 മുതൽ 33 ഉൾപ്പെടെയുള്ള തിരുവചനങ്ങൾ ഈ പശ്ചാത്തലത്തിൽ ചിന്തനീയമാണ്. സോദോം-ഗൊമോറ പ്രദേശങ്ങൾ നശിപ്പിക്കപ്പെടാതിരിക്കാൻ അവിടുത്തെ തുലോം തുച്ഛമായ നീതിമാന്മാരുടെ സാന്നിധ്യം മതിയായ കാരണമായി പരിഗണിക്കാൻ ദൈവം സന്നദ്ധനായിരുന്നു എന്നതാണ് ഇവിടെ നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്ന സംഗതി. സമർതർ അവരുടെ വിളിയും ദൗത്യവും തിരിച്ചറിഞ്ഞ് അതിനനുസൃതമായി ജീവിക്കുമ്പോൾ ഈ ലോകത്തിന് മുഴുവനായും ദൈവത്തിന്റെ കരുണയും സ്നേഹവും അനുഭവിക്കാൻ ഇടവരുന്നു. എല്ലാവരും വിഗ്രഹാരാധകരായി ബാലിന്റെ പിന്നാലെ പോകുന്നതിൽ മനംനൊന്ത ഏലിയാ പ്രവാചകനോട് ദൈവമായ കർത്താവ് അരുൾച്ചെയ്യുന്നുണ്ട്. "ബാലിന്റെ മുന്നിൽ മുട്ടുമടക്കുകയോ അവനെ ചുംബിക്കുകയോ ചെയ്യാത്ത ഏഴായിരം പേരെ ഞാൻ ഇസ്രായേലിൽ അവശേഷിപ്പിക്കും" (1 രാജാ. 19:18) എന്ന്. അതുപോലെ അഭിനവ 'ബാലാ'യ ലോകാരൂപിയാൽ ഗ്രസിക്കപ്പെടാത്ത ഏതാനും പേരെ ദൈവം എന്നും ഈ ഭൂമിയിൽ അവശേഷിപ്പിക്കും. അതിനാൽ, സങ്കീർണ്ണങ്ങളായ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും 'ദൈവത്തിന്റെ ശിഷ്ടഭാഗം' (റോമ. 11:3-5) എന്ന കണക്കേ സമർപ്പിതർ എക്കാലത്തും ഈ ലോകത്തിൽ സജീവസാന്നിധ്യമായിരിക്കും. അതിനാൽ സമർപ്പിതജീവിതം കാലഹരണപ്പെട്ടു എന്നു കരുതുക അസാധ്യം. മറിച്ച്, അത് എന്നും നിലനില്ക്കേണ്ട പ്രതീക്ഷയുടെ ദർപ്പണമാണ്.

സമർപ്പിതദൈവവിളികൾ പരിപോഷിപ്പിക്കാനുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട്. സഭാസമൂഹത്തിലെ മറ്റുള്ളവരൊക്കെ വേണ്ടപോലെ കാര്യങ്ങൾ ചെയ്തുതീരട്ടെ, എന്നിട്ടാകാം എന്റെ

പ്രവർത്തനങ്ങൾ തുടങ്ങുന്ന കാര്യം ചിന്തിക്കാൻ എന്ന പിന്തിരിപ്പൻ മനോഭാവനം നമുക്ക് ഭൂഷണമല്ല. ഏല്പിക്കപ്പെട്ടത് ഒരു താലന്താണെ ങ്കിൽപ്പോലും അതു മണ്ണിൽ കുഴിച്ചിടാനുള്ളതല്ലല്ലോ. (മത്താ. 25:14–30).

ദൈവത്തിന്റെ ദാനവും തെരഞ്ഞെടുപ്പുമാണ് സമർപ്പിത ദൈവ വിളികളിൽ നിഴലിക്കുന്നതെന്നതിനാൽ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാനുള്ള (മത്താ. 9:37–38) ചുമതലയും നമ്മിൽ നിക്ഷിപ്തമാണ്.

ലോകത്തിന്റേതാണെങ്കിലും ലോകത്തിന്റേതല്ലാത്തതുപോലെ ജീവിക്കാൻ വിളിക്കപ്പെട്ട സമർപ്പിതരുടെ ജീവിതവും ശുശ്രൂഷകളും നാം കാര്യമായി വിലമതിക്കുകയും സമർപ്പിതരുടെ ഒറ്റപ്പെട്ട എതിർസാ ക്ഷ്യങ്ങളെ സാമാന്യവത്കരിച്ച് സമർപ്പിതജീവിതത്തെതന്നെ അടച്ചാ പേക്ഷിക്കാനുള്ള കുത്സിത ശ്രമങ്ങളെ പാടെ അവഗണിക്കുകയും ചെയ്യേണ്ടതുണ്ട്. ഇങ്ങനെ ചെയ്യാനായാൽ സമർപ്പിതജീവിതം ആവേ ശപൂർവ്വം ആശ്ലേഷിക്കാവുന്നതും വീരോചിതമായ സുകൃതജീവിത ത്തിന് ഏറെ സഹായകരവുമായ ഒരു ജീവിതശൈലിയാണെന്നും ഇളം തലമുറയ്ക്ക് ബോധ്യപ്പെടാൻ ഇടയാകും.

സമർപ്പിതജീവിതം ആധികാരികതയോടെ പൂർത്തിയാക്കിയ വിശുദ്ധിയുടെ പരിമളം പരത്തുന്ന പുണ്യാത്മക്കൾ സമൃദ്ധമായുള്ള ഒരു സഭയാണ് നമ്മുടേതെന്ന യാഥാർത്ഥ്യം നാമോർക്കണം. ഇന്നിന്റെ മക്കൾക്ക് തദ്ദേശീയവും വൈദേശികവുമായ വിശുദ്ധാത്മാക്കളെ പരി ചയപ്പെടുത്തി കൊടുക്കാൻ ആത്മാർത്ഥമായി ശ്രമിച്ചാൽ അതിശയി പ്പിക്കുന്ന ഫലങ്ങൾ സമർപ്പിത ജീവിതമേഖലയിൽ ഉളവാകുമെന്നതിൽ ഒട്ടും ശങ്ക വേണ്ട.

സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർക്കും ആ വിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്ന വർക്കും മുടന്തൻ ന്യായവാദങ്ങൾ നിരത്തിയും, സ്വാർത്ഥതയ്ക്ക് ധിഷ ണയുടെ ചാരുത ചാർത്തിയും പ്രതിബന്ധങ്ങൾ സൃഷ്ടിക്കാതിരിക്കുക എന്നത് ഏറെ പ്രധാനപ്പെട്ടതാണ്. മക്കളോടുള്ള അമിതസ്നേഹം, വാർദ്ധക്യത്തിൽ തങ്ങളെ ആര് പരിപാലിക്കും എന്ന വ്യഗ്രത, കഷ്ട പ്പാടുകളിലേക്ക് മക്കളെ അനുഗ്രഹിച്ചയക്കാനുള്ള വിമുഖത, തങ്ങൾക്ക് ലഭിക്കാവുന്ന സുഖസൗകര്യങ്ങൾ കുറഞ്ഞു പോകുമോയെന്ന ഭീതി എന്നിങ്ങനെയുള്ള മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയു മൊക്കെ പരിഗണനകളാണ് 'പ്രതിബന്ധങ്ങൾ' എന്നതുകൊണ്ട് സൂചി തമാക്കാനുദ്ദേശിച്ചത്. ഒരു വ്യക്തി മാതാപിതാക്കളുടെയോ കുടുംബാം ഗങ്ങളുടെയുമൊക്കെ സ്വന്തമാകുന്നതിനു മുമ്പ് ദൈവത്തിന്റേതായിരു

ന്നു എന്ന് നാം വിസ്മരിക്കരുത്.സത്യത്തിൽ, കുറച്ചുനാളത്തേക്ക് പരിപാലിക്കാനായി ദൈവം ദാനമായി മാതാപിതാക്കൾക്ക് നൽകുന്നതാണ് മക്കളെ. അതുപോലെതന്നെ മക്കൾക്ക് മാതാപിതാക്കളെയും. അങ്ങനെയെങ്കിൽ സൂക്ഷിക്കാനേല്പിച്ചവരുടെ ഉടമസ്ഥത അവകാശപ്പെടാമോ? "സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ അതു നഷ്ടപ്പെടുത്തും. എന്നാൽ ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തുയാൽ അവൻ അതു കണ്ടെത്തും" (മത്താ. 16:25) എന്നാണ് യേശു പഠിപ്പിച്ചത്. തങ്ങളുടെ മക്കളെ കുറിച്ചുള്ള സ്വന്തം പദ്ധതികൾ പൂർത്തീകരിക്കപ്പെടുന്നതിലല്ല, മറിച്ച് അവരെ തങ്ങൾക്കു ദാനമായി നൽകിയ ദൈവപിതാവിന്റെ ഹിതം അവരിലൂടെ പൂർത്തീകരിക്കപ്പെടുന്നതിലാണ് മാതാപിതാക്കൾ ആത്മാർത്ഥമായി സന്തോഷിക്കേണ്ടത്. അതിനുവേണ്ടിയാണ് അവർ ഔത്സക്യത്തോടെ പ്രാർത്ഥിക്കേണ്ടതും. ദൈവവിളിയെ പ്രോത്സാഹിപ്പിക്കാനുള്ള ഉത്തരവാദിത്വം ഓരോ വ്യക്തിയുടെയും മാതാപിതാക്കൾക്കും കുടുംബാംഗങ്ങൾക്കുമാണ് കൂടുതലെന്ന് നമുക്ക് മറക്കാതിരിക്കാം.

ദൈവവിളിവാരാചരണവുമായി ബന്ധപ്പെട്ട് ഈ വർഷം നമ്മുടെ അതിരൂപതയിൽ നടക്കുന്ന കാര്യങ്ങളിലേക്ക് നിങ്ങളേവരുടേയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ഏപ്രിൽ 6 മുതൽ 11 ഉൾപ്പെടെയുള്ള ദിവസങ്ങളാണ് ദൈവവിളി വാരമായി ആചരിക്കപ്പെടുക. ഈ ദിവസങ്ങളിൽ രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3;30 വരെയുള്ള പ്രാർത്ഥന-ഉപവാസ യജ്ഞത്തിന് തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലായിരിക്കും വേദി. എസ്. എസ്. എൽ. സി., പ്ലസ് ടു പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി ദൈവവിളി ക്യാമ്പുകളും ഈ ദിവസങ്ങളിൽ നടക്കും. ആൺകുട്ടികൾക്കായുള്ള ക്യാമ്പുകൾ ഏപ്രിൽ 6-8, 9-11 എന്നീ തീയതികളിൽ രണ്ടു ബാച്ചുകളിലായി മഡോണനഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിലും പെൺകുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 6, 7 തീയതികളിൽ അളഗപ്പനഗർ സ്പിരിച്ചൽ ആനിമേഷൻ സെന്ററിലുമാണ് സംഘടിപ്പിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ അതിരൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്ന് യഥാസമയം നിങ്ങളെ അറിയിക്കുന്നതായിരിക്കും. ദൈവവിളി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ ഒരുക്കി പറഞ്ഞയക്കുവാൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സിസ്റ്റേഴ്സും മാതാപിതാക്കളും മതബോധന അധ്യാപകരും ശ്രമിക്കണമെന്നും ദൈവവിളി വാരത്തിലെ പ്രാർത്ഥന-ഉപവാസയജ്ഞത്തിൽ പ്രാർത്ഥനയും സാന്നിധ്യവും വഴി സഹകരിക്കണമെന്നും ഞാൻ താത്പര്യപൂർവ്വം അഭ്യർത്ഥിക്കുന്നു.

സ്വാഭീഷ്ടപ്രകാരം തനിക്കുവേണ്ടിതന്നെ ജീവിക്കാനുള്ള മനുഷ്യന്റെ സഹജവാസനയെ 'തന്നെതന്നെ പരിത്യജിച്ച് എന്റെ പിന്നാലെ വരിക' എന്ന ക്രിസ്തുമൊഴികൾ പകരുന്ന ദിവ്യോർജ്ജംകൊണ്ട് അതിജീവനം ചെയ്യുന്ന ധാരാളം ചെറുപ്പക്കാരെ തിരുസഭയ്ക്ക് പ്രദാനം ചെയ്യണമെന്ന് നമുക്ക് ഏകമനസ്സായി പ്രാർത്ഥിക്കാം. കഴിഞ്ഞ വർഷം 37 യുവാക്കളെ നമ്മുടെ അതിരൂപതയിൽ നിന്ന് തെരഞ്ഞെടുത്ത് ഈശോ തന്റെ പൗരോഹിത്യത്തിൽ പങ്കുചേർത്തു. വിവിധ സന്യാസിനീസമൂഹങ്ങളിലായി നമ്മുടെ അതിരൂപതയിൽ നിന്നുള്ള ധാരാളം യുവതികൾക്ക് സമർപ്പണം നടത്താൻ അവിടുന്ന് കൃപ നൽകിയനുഗ്രഹിച്ചു. നമുക്ക് സന്തോഷത്തോടെ അവിടുത്തേക്ക് നന്ദി പറയാം. ദൈവവിളിയുടെ വിത്തുകൾ ചെറുപ്പക്കാരുടെ മനസ്സുകളിൽ യഥാവിധി വീഴാൻ പാകത്തിന് നിലമൊരുക്കുകയും നനച്ചു വളർത്തി പരിപാലിക്കുകയും ചെയ്യാൻ പരിശ്രമിക്കുന്ന എല്ലാവർക്കും ദൈവാനുഗ്രഹങ്ങളുണ്ടാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി വെളിപ്പെടുത്തപ്പെട്ടപ്പോൾ അതിനോട് ഹൃദയപൂർവ്വം 'ആമ്മേൻ' പറഞ്ഞ നമ്മുടെ അതിരൂപതയുടെ മധ്യസ്ഥയായ പരി. അമലോത്ഭവ മാതാവിന്റെ പ്രത്യേകസഹായം ദൈവവിളി വിവേചിച്ചറിയുന്നതിലും വളർത്തുന്നതിലും നമുക്കെല്ലാവർക്കും ലഭിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 മാർച്ച് 15ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

559/2015
20.02.2015 C- 3

## സർക്കുലർ

# പെസഹാവ്യാഴപിരിവ്

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ അതിരൂപതയുടെ വൈദിക പരിശീലനത്തോടും പ്രത്യേകിച്ച് മേരിമാത സെമിനാരിയോടും നിങ്ങൾ കാണിക്കുന്ന സനേഹ്ത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽനിന്ന് 33 ഡീക്കന്മാരാണ് അതിരൂപതയ്ക്കും വിവിധ സന്ന്യാസസഭകൾക്കുംവേണ്ടി അഭിഷിക്തരായത്. അതിൽ 13 ഡീക്കന്മാർ തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടിയാണ് തിരുപ്പട്ടം സ്വീകരിച്ചിരിക്കുന്നത്. ധാരാളം വൈദീക ദൈവവിളികളെ നൽകി നമ്മുടെ അതിരൂപതയെ അനുഗ്രഹിക്കുന്ന ദൈവത്തിന് നന്ദി പറയാം.

കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ജനപങ്കാളിത്തത്തോടുകൂടി വൈദികവിദ്യാർത്ഥികൾക്ക് പരീശീലനം നൽകുക എന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ട് 1998 ൽ തൃശ്ശൂർ അതിരൂപത മുളയത്ത് മേരിമാത മേജർ സെമിനരി ആരംഭിച്ചു. കഴിഞ്ഞ 17 വർങ്ങൾക്കുള്ളിൽ മേരിമാത സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ 206 വൈദിക വിദ്യാർത്ഥികൾ പുരോഹിതരായി അഭിഷിക്തരായി ഇന്ന് സഭയിൽ വിവധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്. വിദേശസഹായം ഏകദേശം പൂർണ്ണമായും ഇല്ലാതായ സാഹചര്യത്തിൽ വൈദിക പരിശീലനത്തിന് ആവശ്യമായി വരുന്ന പണം അതത് സ്ഥലങ്ങളിൽ കണ്ടെത്തുക എന്ന സ്ഥിതിവിശേഷമാണ് എല്ലാ സെമിനരികളിലും നില നിൽക്കുന്നത്. യേശു ശുശ്രൂഷ പൗരോഹിത്യം സ്ഥാപിച്ചതിനെ അനുസ്മരിക്കുന്ന പെസഹാവ്യാഴാഴ്ചയിലെ ദൈവജനത്തിന്റെ സമർപ്പണമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി, മേരിമാത മേജർ സെമിനാരിയിൽ പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികൾക്കും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മറ്റു സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികൾക്കും പഠനചെലവിനായി ഉപയോഗിച്ചുകൊ

ണ്ടിരിക്കുന്നത്. മുൻവർഷങ്ങളിൽ നിങ്ങൾ നൽകിയ വലിയ സഹകരണത്തിന് നന്ദി പറയുന്നതിനോടൊപ്പം ഈ വർഷവും ഈ സംരഭത്തിൽ ഉദാരമനസോടെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടംബങ്ങളിലേക്കും ഇതിനാവിശ്യമായ കവറുകൾ മേരിമാത സെമിനാരിയിൽ നിന്ന് എത്തിക്കുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് ഈ വരുന്ന പെസഹാവ്യാഴാഴ്ച ഇടവകയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ മെയ് 11നു മുൻപായി ഏൽപ്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പീഡാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയിടേയും പങ്കുവെയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 മാർച്ച് 22ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

Ref: 2839 /K 35/OL/KCBC/DS 9.2.2015

# മദ്യവിരുദ്ധ ഞായർ, 8 മാർച്ച് 2015

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന

## സർക്കുലർ

കേരളകത്തോലിക്കാ സഭ മാർച്ച് മാസം 8-ാം തീയതി മദ്യവിരുദ്ധ ഞായർ ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ തിരുസഭ പങ്കുവയ്ക്കുന്നത്. കേരളസമൂഹത്തിൽ മാതൃകാപരമായ ലഹരിവിരുദ്ധപോരാട്ടം നടത്തിയ ചരിത്രമാണ് ഇന്നോളം കത്തോലിക്കാസഭയ്ക്കുള്ളത്. കത്തോലിക്കാസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലഹരിവിമോചനകേന്ദ്രങ്ങളിലൂടെയും ധ്യാനകേന്ദ്രങ്ങളിലൂടെയും ആതുരാലയങ്ങളിലൂടെയും ലക്ഷകണക്കിന് കുടുംബങ്ങളാണ് ലഹരിമുക്തമായതിന്റെ സത്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

കത്തോലിക്കരെ മാത്രം മദ്യത്തിൽനിന്ന് മോചിപ്പിക്കുക എന്ന സങ്കുചിതമായ ചിന്തയല്ല സഭയ്ക്കുള്ളത്. കേരളസമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു സാമൂഹികതിന്മ എന്നനിലയിലാണ് ഈ വിഷയത്തെ സഭ എന്നും കാണുന്നത്. 1998-ൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപം കൊള്ളുന്നതിന് മുമ്പ് സഭയിലെ യുവജനപ്രസ്ഥാനങ്ങളും സമൂഹത്തിലെ ഇതരമദ്യവിരുദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് സഭ ഈ രംഗത്തു പ്രവർത്തിച്ചുവന്നു. കെസിബിസി മദ്യവിരുദ്ധസമിതി രൂപംകൊണ്ടതിന് ശേഷം കത്തോലിക്കാസഭയിലെ എല്ലാ രൂപതകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ സ്ഥാപിച്ച് ശക്തമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും കർമ്മപദ്ധതികളും നിർദ്ദേശങ്ങളും നൽകി വരുന്നു.

ഈ വർഷം മുതൽ വലിയനോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായർ ആയി ആചരിക്കുന്നത്.
(മുൻവർഷങ്ങളിൽ ഇത് ജനുവരിയിലെ അവസാന ഞായറാഴ്ച ആയിരുന്നു). വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും വർജനയുടെയും

ഉപവാസത്തിന്റെയും തിരിച്ചുവരവിന്റെയും നവീകരണത്തിന്റെയും കാലയളവാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് വിശുദ്ധ നോമ്പ് നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നും ഇവയുടെ ഉപയോഗവും വ്യാപനവും അതു സമൂഹത്തിൽ സൃഷ്ടിക്കുന്ന അരാജകത്വവും പൊതുജീവിതത്തിലെ അഴിമതിയുടെ വ്യാപനവും നമ്മുടെ സമൂഹത്തെ കാർന്നു തിന്നുന്ന സാമൂഹ്യ തിന്മകളാണ്.

വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽ നിന്നും, പാപസാഹചര്യങ്ങളിൽ നിന്നും ഓടി അകലണമെന്നും വിശുദ്ധ നോമ്പ് അനുശാസിക്കുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേക്കു നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 13:13,14). മദ്യാസക്തിയെന്ന തിന്മയിൽ നിന്നും ഓടി അകലുവാനും പ്രകാശത്തിന്റെ മക്കളാകുവാനും തിരുസ്സഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം തിന്മയ്ക്കെതിരേയുള്ള ആത്മീയ പോരാട്ട ത്തിന്റെ അവസരമാക്കി മാറ്റാം. അതിനായി ഈ വലിയ നോമ്പുകാലം നമ്മെ ശക്തിപ്പെടുത്തണം.

**വളരേണ്ട മദ്യവിരുദ്ധ സംസ്കാരം**

മദ്യത്തിന്റെ ലഭ്യതയും വിതരണവും ഉപയോഗവും കുറച്ചുകൊണ്ടുവരുന്നതിൽ കാലാകാലങ്ങളിൽ കേരളം ഭരിച്ച സർക്കാരുകൾ പരാജയപ്പെട്ടു. തത്ഫലമായി ലോകത്തിന്റെ "മദ്യഭൂപടത്തിൽ" മുഖ്യസ്ഥാനം കേരളത്തിനെന്ന അപഖ്യാതി നാം നേടുകയും ചെയ്തു. നിലനിൽക്കുന്ന നിയമങ്ങളും ജനക്ഷേമപരമല്ലാത്ത നയങ്ങളും സർക്കാർ-ഉദ്യോഗസ്ഥ-അബ്കാരി അവിശുദ്ധ കൂട്ടുകെട്ടും, മറയില്ലാതെ മദ്യം ഉപയോഗിക്കുവാനുള്ള മലയാളിയുടെ ശീലവും കേരളത്തിന്റെ മദ്യാസക്തിക്ക് ആക്കം കൂട്ടി. ഈ സാമൂഹിക വിപത്തിന്റെ ഇരകളായി കൗമാരക്കാരും സ്ത്രീകളും ഉൾപ്പടെ ലഹരിയുടെ പുത്തൻശീലങ്ങളും ശൈലികളും കൗതുകത്തോടെ പരീക്ഷിച്ചറിയുന്ന ഒരു വലിയ വിഭാഗം ഇന്ന് നമുക്കു ചുറ്റും അപകടകരമാംവിധം വളർന്നുവരുന്നു. സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

ഏതാനും മദ്യലോബികളുടെ പക്ഷം ചേർന്ന് കേരളത്തെ മദ്യക്കടലിൽ താഴ്ത്തുന്നത് തലമുറകളോട് ചെയ്യുന്ന പാതകമാണ്. മനുഷ്യനുവേണ്ടി മനഃസാക്ഷിയോടെ നിലപാടുകളെടുക്കാൻ കഴിയുന്നിടത്താണ് ജനപ്രതിനിധികളുടെ അകക്കാമ്പ് ജനം തിരിച്ചറിയുന്നത്. അധികാരത്തിന്റെ അപ്പക്കഷണത്തിനുവേണ്ടി നട്ടെല്ല് വളയ്ക്കുന്നവർ ജനാധിപത്യത്തിന്റെ ഏടുകളിൽ കറുത്തപൊട്ടുകളായി അവശേഷിക്കും. മദ്യമെന്ന സാമൂഹിക വിപത്തിനെതിരെയുള്ള പോരാട്ടത്തിൽപോലും മതത്തിന്റെയും സമുദായത്തിന്റെയും നിറം കലർത്തുന്ന മത-സംസ്കാരിക-രാഷ്ട്രീയ പ്രതിനിധികൾ സമൂഹം തിരിച്ചറിയേണ്ട, ജനാധിപത്യത്തിലെ അപകടസൂചനകളാണ്.

മദ്യലോബികൾക്കനുകൂലമായി നില്ക്കുന്ന നിയമങ്ങൾക്ക് മാറ്റംവരുത്താനുള്ള നടപടികൾ പ്രാവർത്തിക മാക്കാനുള്ള ചങ്കുറപ്പാണ് ജനപ്രതിനിധികളും സർക്കാരും സ്വീകരിക്കേണ്ടത്. പൊതുസമൂഹവും മതസംഘടനകളും രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങളുമൊക്കെ മദ്യത്തിനെതിരായി ശബ്ദമുയർത്തുന്ന ഇന്നത്തെ അനുകൂലമായ സാഹചര്യം മനസ്സിലാക്കി അതിനെ ഫലപ്രദമായി ഉപയോഗിച്ച് ആത്മാർത്ഥത തെളിയിക്കാൻ സർക്കാർ ഇനിയും വൈകരുത്.

**തിരിച്ചറിയേണ്ട ചില വിപത്തുകൾ**

റീജണൽ അടിസ്ഥാനത്തിൽ യു.എൻ ന്റെ കണക്കിൽ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെല്ലാം മദ്യഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ അന്തർദ്ദേശീയ മദ്യലോബികൾ കണ്ണുവച്ചിരിക്കുന്നത് ഇന്ത്യപോലുള്ള മൂന്നാം ലോകരാഷ്ട്രങ്ങളെയാണ്. ഇവിടത്തെ ഒന്നോ രണ്ടോ ശതമാനം ആളുകളെ തങ്ങളുടെ കീഴിലാക്കിയാൽ അവർക്ക് ഇവിടത്തെ വിപണി പിടിച്ചെടുക്കാനാകും. അങ്ങനെ ഇന്ത്യയുൾപ്പെടെയുള്ള ദരിദ്രരാജ്യങ്ങളെ ചൂഷണം ചെയ്യാനുള്ള സമ്പന്നരാഷ്ട്രങ്ങളുടെ ഒരു മാർഗമാണിതെന്ന യാഥാർത്ഥ്യവും നമ്മിൽ എത്രപേർക്കറിയാം? കേരളത്തിന്റെ ടൂറിസം സാദ്ധ്യതകളെ ബോധപൂർവ്വം വഴിതെറ്റിക്കാനും അട്ടിമറിക്കാനുമായിട്ടുള്ള ദേശീയ-അന്തർദേശീയ ലോബികളുടെ ശ്രമമാണു കേരളത്തിൽ 'ഇനി ടൂറിസ്റ്റുകൾ വരില്ല' എന്ന പ്രചരണം. മദ്യനിരോധനം നിലനിൽക്കുന്ന ഗുജറാത്തിൽ കേരളത്തിന്റെ ഇരട്ടിയിലധികം ടൂറിസ്റ്റുകൾ വരുന്നുണ്ട്. അതിനാൽ ടൂറിസവും മദ്യവുമായി ബന്ധപ്പെ

ടുത്തിയുള്ള വാദമുഖങ്ങൾ മദ്യവിരുദ്ധസാംസ്കാരം ആഗ്രഹിക്കുന്ന കേരളത്തിന് യോജിച്ചതല്ല. ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നതു മദ്യ പിക്കാനാണ് എന്നുപറയുന്നത് ബാലിശമായ ചിന്താഗതിയാണ്. ഈ നാടിന്റെ സാംസ്കാരിക തനിമയും കടലോരവും മലകളും തുടങ്ങി ഈ ദേശത്തിന്റെ നന്മയും പ്രകൃതിയുമാണ് ഓരോ വിദേശിയെയും ഇവിടേക്ക് ആകർഷിക്കുന്നത്.

"മദ്യനിരോധനം സാധ്യമോ? അസാധ്യമോ?" എന്നത് ഒരു സന്ദേഹി യുടെ ചോദ്യമാണ്. സന്ദേഹികൾ ഒന്നും നമുക്ക് നേടിത്തന്ന ചരി ത്രമില്ല. അവർ എല്ലാറ്റിനെയും സംശയിക്കും. സാധ്യതകളുടെ അവ സരംപോലും അങ്ങനെ നിരാകരിക്കപ്പെടും. രാഷ്ട്രത്തിന്റെ നിയമ വ്യവസ്ഥിതിയിലേക്ക് ഒന്നുകണ്ണോടിച്ചാൽ കാണാം നിരോധനം നിയ മത്തിന്റെ വലിയ കടമയാണ്. തോക്ക് നിരോധിക്കാം, കഞ്ചാവ് നിരോ ധിക്കാം, കറുപ്പ് നിരോധിക്കാം, സ്വർണം കടത്തുന്നത് നിരോധിക്കാം, കടലിന്റെ തീരത്തു താമസിക്കുന്നതും നിരോധിക്കാം. മനുഷ്യരെ കൊല്ലാൻ വരുന്ന കാട്ടുമൃഗത്തെ കൊല്ലുന്നതു നിരോധിക്കാം, ബോംബ് നിരോധിക്കാം, പക്ഷെ മദ്യം നിരോധിക്കാൻ തടസം നിൽക്കുന്നത് ആരാണ് ? ആർക്കുവേണ്ടിയാണ്? ഇവിടെ ഇത്തരം വിഷയങ്ങളെ നാം സമീപിക്കുമ്പോൾ അഴിമതി എന്ന വിഷയവും വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടണം. മദ്യനിരോധനം പരാജ യപ്പെടുത്താൻ രണ്ടുകൂട്ടർക്കേ സാധിക്കൂ: (1) നിക്ഷിപ്തതാത്പര്യ ക്കാരായ രാഷ്ട്രീയക്കാർ (2) അഴിമതിക്കാരായ ഉദ്യോഗസ്ഥർ. ഈ രണ്ടുകൂട്ടരെയും നിലയ്ക്കുനിറുത്താൻ ജനങ്ങൾ ഒരുമിച്ചാൽ തീർച്ച യായും ഇവിടെ മദ്യത്തിന്റെ ഒഴുക്ക് തടയാൻ കഴിയും.

നമ്മുടെ നാടിന് ഒരു മദ്യസംസ്കാരമില്ല. നമ്മുടെ മതങ്ങളോ സമൂ ഹമോ സംസ്കാരമോ ഇതു പ്രോത്സാഹിപ്പിക്കുന്നില്ല. മദ്യവർജ്ജനം നടപ്പിലാക്കാൻ ഇവിടെ ഒരു സർക്കാരിന്റെയും ആവശ്യമില്ല. അത് ജനങ്ങൾ ചെയ്തുകൊള്ളും. നിയമം മൂലം കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മദ്യലഭ്യത കുറയ്ക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. മദ്യത്തിന്റെ ഉപയോഗം കേരളത്തിൽ കുറ ച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ ഈ സർക്കാരിന്റെ ഭരണത്തിന്റെ ആദ്യനാൾമുതൽ (2011) പ്രകടമായിരുന്നു. നിരവധി തീരുമാനങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും സർക്കാർ വിഭാവനം ചെയ്തതുപോലെ അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് സർക്കാരിന്റെ പരാജയമായി കാണേണ്ടിവരും.

മദ്യപിച്ചു മരിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ നാം തിരിച്ചറിഞ്ഞ്, ഒരാളും ഇനി മദ്യത്തിലേക്കു വരരുത് എന്ന ചിന്തയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. അടിയന്തിരമായി ശ്രദ്ധപതിയേണ്ടതു കുട്ടികളിലേക്കും യുവജനങ്ങളിലേക്കുമാണ്. അടച്ചുപൂട്ടിയ ബാറുകൾ, ബിയർ-വൈൻ പാർലറുകളായി മാറ്റപ്പെട്ടിരിക്കുന്നു. സ്ത്രീകളും കുട്ടികളും യുവജനങ്ങളും ഉൾപ്പെടുന്ന പുതിയ ഒരുതലമുറയാണു മദ്യാസക്തിയിലേക്ക് ഇവയിലൂടെ വഴുതി വീഴുന്നത്. 'വീര്യം കുറഞ്ഞ' ഈ അപകടങ്ങൾ നമ്മുടെ നാടിനെ നശിപ്പിക്കും. ചുരുക്കത്തിൽ പുതുതലമുറയെ ആദ്യം വീര്യം കുറഞ്ഞ മദ്യത്തിനും പിന്നീടു കടുത്ത ലഹരികൾക്കും അടിമയാക്കാൻ ബീയർ-വൈൻ പാർലറുകൾക്ക് കഴിയും. ശരിയായ മദ്യനയം രൂപപ്പെടണമെങ്കിൽ താഴെതട്ടിൽനിന്നും മുകൾ തട്ടിൽനിന്നും വ്യക്തമായ തീരുമാനങ്ങൾ ഉണ്ടാകണം; സർക്കാരിന്റെ ഭാഗത്തുനിന്നും മദ്യനിരോധനവും ജനങ്ങളുടെ ഭാഗത്തുനിന്നു മദ്യവർജ്ജനവും.

**സർക്കാർ ആത്മാർത്ഥത തെളിയിക്കണം**

മദ്യനിരോധനം എന്ന സർക്കാർ തീരുമാനം വളരെ തിടുക്കത്തിലായിരുന്നു എന്ന് എല്ലാവർക്കും അഭിപ്രായമുണ്ട്. പത്തുവർഷംകൊണ്ട് കേരളത്തെ മദ്യരഹിതമാക്കുമെന്ന പ്രഖ്യാപനത്തിന്റെ പൊരുൾ മനസ്സിലാകത്തക്കവിധം അവതരിപ്പിക്കാൻ ഇനിയും സർക്കാരിനു സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും വിസ്മയം പ്രകടിപ്പിച്ച ഒരു മാന്ത്രികച്ചെപ്പാണ് ഈ സർക്കാരിന്റെ പുതിയ മദ്യനയം.

സഭയെ സംബന്ധിച്ച് ഇതൊരു സാമൂഹികവിഷയമാണ്, രാഷ്ട്രീയ വിഷയമല്ല. മദ്യവർജ്ജനം മതി എന്നുപറയുമ്പോൾ, നാടുമുഴുവൻ മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിച്ചുകൊണ്ട് എങ്ങനെ മദ്യവർജ്ജനം നടപ്പിലാക്കും? സഭയുടെ നിലപാട് വളരെ വ്യക്തമാണ്. മൂന്നുകാര്യങ്ങൾ ഒന്നിച്ചു വരുമ്പോഴാണ് ഇവിടെ മദ്യത്തിന്റെ ഉപയോഗം കുറയുന്നത്; (1) ബോധവത്കരണം (2) മദ്യലഭ്യതയുടെ കുറവ് - മദ്യശാലകളുടെ എണ്ണം കുറയ്ക്കുന്ന നടപടി (3) ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും. ഇവ മൂന്നും ഒന്നിച്ചുപോകണം. മദ്യവർജ്ജനം എന്നുപറയുന്നതിൽ തന്നെ മദ്യശാലകൾ കുറയ്ക്കണം, ഇല്ലാതാക്കണം എന്ന ആശയമുണ്ട്. ഒരു കാര്യം മാത്രമേ സഭ മദ്യനയത്തിൽ ആവശ്യപ്പെടുന്നുള്ളൂ. അടുത്ത പത്തുവർഷംകൊണ്ട് കേരളത്തെ മദ്യവിമുക്തമാക്കാനുള്ള കർമ്മപദ്ധതി

പ്രാധാന്യം ഗൗരവപൂർവം മനസ്സിലാക്കി ആചരിക്കേണ്ടതാണ്.

3) സഭാതല മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്നുകൊണ്ടുപോകുന്നതിന്, മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 8-ാംതീയതിയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി അതിരൂപതാ/രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

4) ഈ ആചരണത്തിന്റെ തുടർനടപടികളുടെ ഭാഗമായി ഇടവകകൾ കേന്ദ്രീകൃതമായി കുട്ടികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

5) ഒരു സാമൂഹ്യ തിന്മയായ മദ്യത്തിന്റെ ഉപയോഗത്തിനെതിരേ രംഗത്ത് ഇറങ്ങുവാനും ഈ പ്രവർത്തനങ്ങളിൽ മുൻനിരയിൽ അണിനിരക്കുവാനും ഇടവകയിലെ യുവജനസംഘടനകൾ, പ്രത്യേകിച്ച് കെ.സി.വൈ.എം, പ്രായോഗികമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം.

6) നമ്മുടെ ആശുപത്രികൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ സെൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം.

7) പുനരധിവാസ കേന്ദ്രങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും നന്മകൾ ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുവാൻ നം പരിശ്രമിക്കണം.

8) ഇടവകതലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ ഒന്നിപ്പിച്ചുകൊണ്ട് പ്രാദേശികമായി ഈ വിഷയത്തെ അവലോകനം ചെയ്യുകയും മദ്യവിരുദ്ധ പ്രതിജ്ഞകൾ പൊതുവായി സംഘടിപ്പിക്കുകയും ചെയ്യണം.

9) കുടുംബാംഗങ്ങൾ ഒന്നുചേർന്ന്, ഓരോ കുടുംബവും തങ്ങളുടെ ആഘോഷങ്ങളിൽ മദ്യം ഉപയോഗിക്കുക യില്ലെന്ന പ്രതിജ്ഞ എടുക്കുകയും മദ്യപാനം മൂലം വേദനിക്കുന്ന കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

10) മദ്യപാനം മൂലം തകർച്ച നേരിടുന്ന വ്യക്തികളെയും കുടുംബങ്ങളെയും മദ്യവിപത്തിൽ നിന്നും സാമ്പത്തിക-ആത്മീയ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഇടവക തലത്തിൽ

കർമ്മപരിപാടികൾ നടപ്പിലാക്കുക.

11) മദ്യവ്യാപാരികളായ കത്തോലിക്കാ വിശ്വാസികളെ അതിൽ നിന്നു പിൻതിരിപ്പിക്കാൻ പരിശ്രമിക്കുക. ഇവരിൽ നിന്നും സംഭാവന സ്വീകരിക്കരുത്.

12) സമൂഹത്തിൽ മദ്യവിരുദ്ധ മനോഭാവവും നിലപാടുകളും വളർത്തിക്കൊണ്ടു വരാൻ നേതൃത്വം നല്കുക.

13) മദ്യവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയങ്ങളെയും നടപടികളെയും വിമർശന ബുദ്ധിയോടെ വിലയിരുത്തുക.

മുകളിൽ സൂചിപ്പിച്ച പ്രായോഗിക നിർദേശങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കിക്കൊണ്ട് രൂപതകളിലും ഇടവകകളിലും മദ്യവിരുദ്ധപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**

(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

NB: 2015 മാർച്ച് 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# ഇടയലേഖനം

അഭിവന്ദ്യ മെത്രാപ്പോലീത്തമാരേ, മെത്രാന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

*നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആശംസകൾ!*

ഭാരതത്തിന്റെ 66-ാമത് റിപ്പബ്ലിക്ദിനം ആഘോഷിച്ചതേ ഉള്ളൂ. റിപ്പബ്ലിക് ദിനാഘോഷത്തിൽ മുഖ്യാതിഥിയായി അമേരിക്കൻ പ്രസിഡന്റ് സന്നിഹിതനായിരുന്നുവെന്നത് ആഘോഷങ്ങളെ പ്രത്യേകം ശ്രദ്ധേയമാക്കി. ഈ സന്ദർഭത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ന്യൂഡൽഹിയിൽ 2015 ജനുവരി 20-ന് സിബിസിഐ സെന്ററിൽ വച്ചു നടന്ന ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് സംഘടിപ്പിച്ച പ്രത്യേക ആലോചനായോഗത്തിൽ ഉരുത്തിരിഞ്ഞ ചിന്തകളാണ് നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ ആലോചനാ യോഗത്തിൽ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ജോർജ് ആലഞ്ചേരി, കർദിനാൾ ടെലെസ്ഫോർ റ്റോപ്പോ എന്നിവരും ഞാനും ഉൾപ്പെടെ ഭാരതത്തിലെ നാലു കർദിനാൾമാർ സംബന്ധിച്ചു. സിബിസിഐയുടെ കാര്യനിർവാഹകരുമുണ്ടായിരുന്നു. കൂടാതെ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (CCI), കോൺഫ്രൻസ് ഓഫ് റിലീജിയസ് ഇന്ത്യ (CRI), ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (AICU), ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ICYM), എന്നിവയുടെ പ്രതിനിധികളും നിയമവിദഗ്ധരും മനുഷ്യാവകാശ പ്രവർത്തകരും സാമൂഹിക പ്രവർത്തകരും സംബന്ധിച്ചിരുന്നു. ഈ ആലോചനായോഗത്തിനുശേഷം ഡൽഹിയിലും പരിസര പ്രദേശങ്ങളിലുമുള്ള മറ്റു ക്രൈസ്തവസഭകളുടെ നേതാക്കളുമായി (NCCI, EFI) കൂടിയാലോചന നടത്തി.

നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തു നടന്ന ഞെട്ടിക്കുന്ന ചില സംഭവങ്ങൾ ന്യൂനപക്ഷസമൂഹങ്ങളുടെ പ്രത്യേകിച്ച് ക്രൈസ്തവസമൂഹത്തിന്റെ വികാരങ്ങളെ മുറിപ്പെടുത്തുകയും നമ്മുടെ

രാഷ്ട്രത്തിന്റെ മതനിരപേക്ഷ സംവിധാനത്തിലുള്ള വിശ്വാസത്തെ പിടിച്ചു കുലുക്കുകയും ചെയ്തിട്ടുണ്ട് എന്നു വിലയിരുത്തപ്പെട്ടു. ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ പള്ളികൾക്കും വൈദികർക്കും അല്മായർക്കും എതിരേ ഉണ്ടായ പരിഭ്രാന്തിജനകമായ സംഭവങ്ങൾ ക്രൈസ്തവസമൂഹത്തിന് വലിയ ഉത്കണ്ഠയ്ക്കു കാരണമായിരിക്കുന്നു. "പുനർമതപരിവർത്തന"ത്തിന്റെ പേരിൽ നടക്കുന്ന വാദപ്രതിവാദങ്ങൾ ഇന്ത്യയ്ക്കു നിഷേധാത്മക പ്രതിഛായയാണ് സൃഷ്ടിക്കുന്നത്. സമുദായധ്രുവീകരണവും ഇന്ത്യയെ ഏകജാതീയമാക്കാനുള്ള ആഹ്വാനവും എല്ലാ ന്യൂനപക്ഷങ്ങൾക്കും- സ്ത്രീകൾക്കും ദളിതർക്കും, ഭാഷാപരമായും സാംസ്കാരികമായും മതപരമായും ന്യൂനപക്ഷങ്ങളായിട്ടുള്ള എല്ലാവർക്കും ഭീഷണി ഉയർത്തുകയാണ്. കൂടാതെ, അടുത്തകാലത്തുണ്ടായ പല ബില്ലുകളും ഓർഡിനൻസുകളും പാവപ്പെട്ട കർഷകർ, മീൻപിടിത്തക്കാർ, തൊഴിലാളികൾ, ദളിതർ, ഗോത്രവർഗങ്ങൾ, മറ്റുള്ള പാർശ്വവത്കൃത സമൂഹങ്ങൾ എന്നിവരുടെ ജീവിതത്തെയും ജീവസന്ധാരണത്തെയും ദുർബലപ്പെടുത്തുമെന്ന് വിലയിരുത്തപ്പെടുന്നു.

"ഘർ വാപസി" പരിപാടികളും വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും "കാവിവത്ക്കരിക്ക"ലും ഹിന്ദു രാഷ്ട്രത്തിനു വേണ്ടിയുള്ള മുറവിളികളും നമ്മുടെ പ്രിയപ്പെട്ട രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തെ വെല്ലുവിളിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ "കാവിവത്ക്കരണം" വരുംതലമുറക്ക് ഒരു ബൗദ്ധിക ഭീഷണിയാണ്. മതപരിവർത്തനം ഒരുവന്റെ സ്വാതന്ത്രമനസ്സിന്റെയും ഭരണഘടനാപരവും മൗലികവുമായ അവകാശത്തിന്റെയും മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും പ്രയോഗമാണ്. എന്നാൽ "ഘർ വാപസി" യെന്നത് ഒരു രാഷ്ട്രീയ പ്രക്രിയയാണ്. മതദേശീയവാദത്തിന്റെ ശക്തരായ വക്താക്കളാണ് അതു നടത്തുന്നത്. അത് മതനിരപേക്ഷതയുടെ തത്ത്വത്തിന് ഏറെ വിരുദ്ധവുമാണ്.

നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനും പ്രചരിപ്പിക്കാനും ഉള്ള

അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്നുണ്ട്. ദീർഘകാലമായി വ്യത്യസ്തമതങ്ങൾ തഴച്ചുവളർന്ന രാജ്യമാണ് ഇന്ത്യ. എല്ലാവരുടെയും അവകാശങ്ങൾ – മതവിശ്വാസമോ ലിംഗഭേദമോ ജാതിയോ പരിഗണിക്കാതെ – സുരക്ഷിതമാക്കാൻ നമ്മുടെ രാഷ്ട്രത്തിന്റെ സ്ഥാപകപിതാക്കന്മാർ സവിശേഷമായി പരിശ്രമിച്ചിട്ടുണ്ട്. മതസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ഒരു മനുഷ്യാവകാശമാണ്. ഇത് ജനാധിപത്യപരമായ ഒരു മൂല്യവും ഭരണഘടന ഉറപ്പുനല്കുന്ന മൗലികാവകാശവുമാണ്.

രണ്ടായിരത്തോളം വർഷമായി, ക്രിസ്തുമതം ഭാരതത്തിൽ വേരുറച്ചിട്ട്. ക്രൈസ്തവരായ നാം ദൈവത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്നവരാണ്. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹിക വികസനം മുതലായവയുടെ മണ്ഡലങ്ങളിൽ നാം ഈ രാജ്യത്തെ നിസ്വാർത്ഥമായി സേവിച്ചുപോരുന്നുണ്ട്. ജാതിയോ വിശ്വാസമോ മതമോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യാതൊരു വിവേചനവും കൂടാതെയാണ് അങ്ങനെ ചെയ്യുന്നത്.

നമ്മുടെ മാതൃരാജ്യത്ത് നമ്മൾ സുരക്ഷിതരായിരിക്കുമെന്ന ഉറപ്പ്, ഈ രാജ്യത്തെ ക്രൈസ്തവരായ നമുക്ക് ഗവർമെന്റിൽ നിന്ന് ലഭിക്കണം. മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്കുള്ള തീവ്രമായ ഉത്കണ്ഠ നമ്മൾ രേഖപ്പെടുത്തുന്നു. എല്ലാ മതങ്ങളിൽപ്പെട്ടവരും സാംസ്കാരിക പശ്ചാത്തലമുള്ളവരും സ്വതന്ത്രരായി ഭയമോ ഭീഷണിയോ ഇല്ലാതെ സ്വന്തം മതവും വിശ്വാസവും അനുസരിച്ച് ഐക്യത്തോടെ ജീവിക്കുന്ന ഒരു രാജ്യമായിരിക്കണം വരുംനാളുകളിലും മഹത്തായ ഈ മതനിരപേക്ഷ രാജ്യം. മാതൃരാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും നമ്മൾ നമ്മെത്തന്നെ സമർപ്പിക്കുന്നു. അതോടൊപ്പം ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ മുമ്പിൽ സുശക്തവും നിർബന്ധപൂർവകവുമായ ഒരഭ്യർത്ഥന സമർപ്പിക്കുന്നു. ഈ മതനിരപേക്ഷ രാഷ്ട്രത്തിന്റെ ഐക്യത്തിന് വലിയ ഭീഷണി ഉയർത്തുന്ന പ്രവർത്തനങ്ങളും കേന്ദ്രമന്ത്രിസഭയിലെയും പാർട്ടിയിലെയും ഉത്തരവാദിത്വപ്പെട്ട വ്യക്തികൾ അത്തരത്തിൽ പുറപ്പെടുവിക്കുന്ന പ്രസ്താവനകളും നിറുത്തിവയ്ക്കുന്നതിന് അടിയന്തിരമായി ഇടപെടാനും സമുചിതമായ

നടപടികളെടുക്കുവാനും പ്രധാനമന്ത്രിയെന്ന നിലയിൽ അങ്ങ് തയ്യാറാകണം. മഹത്തായ നമ്മുടെ ദേശത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അത്തരത്തിലുള്ള പ്രവണതകളെ അവസാനിപ്പിക്കുക യെന്നത് അനുപേക്ഷണീയ കാര്യമാണ്.

ഇനി, ഞങ്ങളുടെ ആലോചനായോഗത്തിലുണ്ടായ ചില നിർദേശങ്ങളിലേക്കും ശിപാർശകളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

1. സഭ എന്നും ദരിദ്രരോടും പീഡ സഹിക്കുന്നവരോടും സഹതാപപൂർവം പെരുമാറിയിട്ടുണ്ട്. നമ്മുടെ എല്ലാ പ്രേഷിത ശുശ്രൂഷകളിലും ദരിദ്രരോടുള്ള ഈ പ്രത്യേക സ്നേഹത്തന്റെ മനോഭാവം പൂർവാധികം വസ്തുനിഷ്ഠമായി ദൃശ്യമാകണം. ഇക്കാര്യം പരിശുദ്ധ പിതാവ് ഫ്രൻസിസ് മാർപാപ്പാ ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ദളിതർ, പിന്നോക്ക വിഭാവങ്ങൾ, ഗോത്രവർഗക്കാർ എന്നിവരും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നതിന് നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് നാം കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം.

2. വിവിധ ക്രൈസ്തവസമൂഹങ്ങൾ തമ്മിൽ ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ കൂടുതൽ ഐക്യവും സഹകരണവും ഉണ്ടാകണമെന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സാമൂഹികരാഷ്ട്രീയ സാഹചര്യം ആവശ്യപ്പെടുന്നു.

3. സഭയ്ക്കും സമൂഹത്തിനും നേരിടേണ്ടിവരുന്ന ഭീഷണികളെയും വെല്ലുവിളികളെയും വിമർശനബുദ്ധിയോടെ വിലയിരുത്താനും സമുചിതമായ ഹ്രസ്വകാല - ദീർഘകാല സമരതന്ത്രങ്ങൾ രൂപപ്പെടുത്താനും നമ്മുടെ അല്മായരെ നമ്മൾ ശക്തിപ്പെടുത്തണം. ഈ വിഷയത്തിൽ സ്ത്രീകളെയും യുവജനത്തെയും ശക്തരാക്കാൻ സവിശേഷപരിശ്രമങ്ങൾ നടക്കണം.

4. ഐക്യം, സാഹോദര്യം, മതനിരപേക്ഷത, സമാധാനം, നീതി എന്നിങ്ങനെ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂല്യങ്ങൾ

വിദ്യാഭ്യാസം വഴിയും മറ്റു സാമൂഹിക ഇടപെടലുകൾ വഴിയും യുവജനത്തിന്റെ മനസ്സിൽ പോഷിപ്പിക്കണം. അവരെ സമർപ്പണ ബുദ്ധിയുള്ള ഭാരതത്തിന്റെ പൗരന്മാരും സഭയുടെ വിശ്വസ്തരായ പുത്രീപുത്രന്മാരുമാക്കി തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ അപ്രകാരം ചെയ്യണം.

5. നമ്മുടെ മാധ്യമ പ്രവർത്തകരെയും മറ്റു വിദഗ്ധരെയും അംഗീകരിക്കുകയും സഭയുടെ ചിന്താഗതിക്ക് അനുസൃതമായി പ്രാദേശീയ അടിസ്ഥാനത്തിൽ മേല്പറഞ്ഞ ഭീഷണികളെ നേരിടാൻ അവരെ വളർത്തുകയും വേണം. മനുഷ്യാവകാശലംഘനങ്ങൾക്കെതിരേ സമാനചിന്താഗതിക്കാരായ മറ്റുള്ളവരോട് ഒത്തുചേർന്ന് നമ്മൾ സമ്മർദ്ദം സൃഷ്ടിക്കണം.

6. ക്രൈസ്തവജനസമൂഹത്തിന്റെയും മാനുഷികവും സ്ഥാപനപരവുമായ വിഭവങ്ങളുടെയും സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം ഇടവക, രൂപതാതലങ്ങളിൽ ഉണ്ടായിരിക്കണം. സഭയുടെയും രാജ്യത്തിന്റെയും വളർച്ചയ്ക്കുവേണ്ടി കൂടുതൽ കാര്യക്ഷമമായ ഇടപെടലിന് ഇതു സഹായകമാകും.

7.ആശയരൂപീകരണം നടത്തുന്നതിന് "ചിന്തകരുടെ ഒരു ഗ്രൂപ്പ്" ഇടവക, രൂപത, പ്രാദേശിക, ദേശീയ തലങ്ങളിൽ രൂപപ്പെടുത്തുന്നത് നന്നായിരിക്കും. സാമൂഹിക രാഷ്ട്രീയ രംഗത്തെ വെല്ലുവിളികളെ കാര്യക്ഷമമായി അപഗ്രഥിക്കാനും പ്രശ്നങ്ങളെപ്പറ്റി സഭാ നേതാക്കന്മാരെ ബോധിപ്പിക്കാനും വേണ്ടിയാണ് ഇത്. ഇതുപോലെ തന്നെ സുപ്രധാനമായ കാര്യമാണ് രൂപതാതലത്തിലും റീജിയൻ തലത്തിലും ദേശീയതലത്തിലും വക്താക്കൾ അഥവാ പി.അർ.ഓ. മാർ ഉണ്ടായിരിക്കുകയെന്നതും. നമ്മുടെ നിലപാടു വ്യക്തമാക്കാനും സമകാലീനപ്രശ്നങ്ങൾ വ്യാഖ്യാനിക്കാനും സമൂഹത്തിലെ എല്ലാവിഭാഗങ്ങളുമായി ഗുണകരമായ ബന്ധം പോഷിപ്പിക്കാനും വേണ്ടിയാണത്.

8. ഇടവകതലത്തിലും രൂപതാതലത്തിലും പ്രാദേശികതലത്തിലും ദേശീയതലത്തിലും സംയുക്ത ക്രൈസ്തവ പ്രാർത്ഥനായജ്ഞം

സംഘടിപ്പിക്കുകയും മത-സാമുദായിക മൈത്രി വളർത്തുന്നതിന് ശ്രദ്ധവയ്ക്കുകയും വേണം.

ഈ നിർദേശങ്ങൾക്കു പുറമേ മറ്റു പല നിർദേശങ്ങളും ആലോചനായോഗത്തിലെ അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മേൽ പറഞ്ഞവയോടൊപ്പം ഇവയ്ക്കു അനുരൂപമായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ഏറ്റവും നന്നായി ചെയ്യാൻ നമ്മൾ പരിശ്രമിക്കണം. സ്ഥിരമായ ശ്രദ്ധ, സംയുക്തപ്രവർത്തനം, ദൈവപരിപാലന, ഒരു തിന്മയ്ക്കും കീഴടക്കാനാവാത്ത സഭയെ സ്ഥാപിച്ച നമ്മുടെ കർത്താവിന്റെ ദൈവിക സഹായത്തിലുമുള്ള അഗാധമായ വിശ്വാസം എന്നിവയായിരുന്നു ആലോചനായോഗത്തിലെ പ്രധാന വിഷയങ്ങൾ.

ഭാരത കത്തോലിക്കാ മെത്രാന്മാൻ സമിതി (CBCI) ഇന്ത്യ മുഴുവനിലുമുള്ള സഭാംഗങ്ങൾക്ക് ഒരു കാര്യത്തിൽ ഉറപ്പു നല്കാൻ ആഗ്രഹിക്കുന്നു: ഏതെങ്കിലും തരത്തിൽ സഹനത്തിനു വിധേയരായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം എപ്പോഴും ഞങ്ങൾ ഉണ്ട്.

നമ്മൾ ഈ രാജ്യത്തിലെ പൗരന്മാരാണ്. ഈ രാജ്യത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി നമ്മൾ അധ്വാനം തുടരും. ദൈവരാജ്യം പ്രഘോഷിക്കാൻ മാമ്മോദീസാപരമായ കടമ നമുക്കുണ്ട്. ഭീഷണിയോ അക്രമമോ അതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുകയില്ല. നമ്മുടെ വിശ്വാസത്തെ സംഘടിതമായി ശക്തിപ്പെടുത്തുകയെന്നത് നമ്മുടെ ആവശ്യമാണ്. നമ്മൾ ഒരു രാഷ്ട്രീയപാർട്ടിക്കും എതിരേ യുദ്ധം ചെയ്യുകയല്ല. പിന്നെയോ നമ്മുടെ രാഷ്ട്രത്തിന്റെ വിശുദ്ധമായ ആദർശങ്ങൾക്കുവേണ്ടി പോരാടുകയാണ്. മതസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം, മൗലികാവകാശങ്ങൾ ജനാധിപത്യം മുതലായവയാണ് ശ്രേഷ്ഠമായ നമ്മുടെ ഭരണഘടനയിൽ ഉറപ്പുതന്നിട്ടുള്ള ആ ആദർശങ്ങൾ. സഭയുടെ ഉത്തരവാദിത്വപ്പെട്ട അംഗങ്ങളും നമ്മുടെ രാഷ്ട്രത്തിന്റെ പൗരന്മാരുമെന്ന നിലയിൽ വിശ്വാസത്തിനും രാഷ്ട്രത്തിന്റെ ഐക്യത്തിനും പുരോഗതിക്കും വേണ്ടി ജീവൻ ത്യജിക്കാനും നാം തയ്യാറാണ്. ദൈവസഹായത്തിൽ ആശ്രയിച്ച് നാം ഇങ്ങനെ ശപഥം ചെയ്യണം: വിശ്വാസത്തെയും

രാജ്യത്തിന്റെ മതനിരപേക്ഷ-ജനാധിപത്യസ്വഭാവത്തെയും ഉയർത്തിപ്പിടിക്കുന്നതിനെതിരേയുള്ള സമ്മർദ്ദത്തിനോ ഭീഷണിക്കോ വഴങ്ങുകയില്ല.

തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ച ദൈവം നമ്മെ തുടർന്നും അനുഗ്രഹിക്കട്ടെ. അവിടത്തെ പുത്രനായ യേശുക്രിസ്തുവിന്റെ ദൗത്യം തുടരുന്നതിന് അവിടന്ന് പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രത്തിനുവേണ്ടി നമ്മുടെ പരിശുദ്ധ അമ്മ മാധ്യസ്ഥ്യം വഹിക്കട്ടെ.

പ്രാർത്ഥനയോടും ആശംസകളോടും കൂടെ

സ്നേഹപൂർവം, കർത്താവിൽ

**കർദിനാൾ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ് - കാതോലിക്കോസ് &
പ്രസിഡന്റ്, കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ &
കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ

---

NB: 2015 ഫെബ്രുവരി 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| മാർച്ച് | 1 : | **നോമ്പ് മൂന്നാം ഞായർ** |
| | 6 : | ആദ്യവെള്ളി |
| | 8 : | **നോമ്പ് നാലാം ഞായർ** |
| | 15 : | **നോമ്പ് അഞ്ചാം ഞായർ** |
| | 18 : | ജറുസലെമിലെ വി. സിറിൾ |
| | 19 : | വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ |
| | 22 : | **നോമ്പ് ആറാം ഞായർ** |
| | 25 : | മംഗളവാർത്ത തിരുനാൾ |
| | 29 : | **നോമ്പ് ഏഴാം ഞായർ**<br>**ഓശാന ഞായർ** |

**2. മാർച്ച് മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| മാർച്ച് | 03 | : 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 04 | : 10:30 pm | സ്ഥാപനഡയറക്ടർമാരുടെയും കണക്ക് എഴുതുന്നവരുടെയും യോഗം |
| | 14 | : 10:00 am - 04:00 pm | പാസ്റ്ററൽ കൗൺസിൽ യോഗം |
| | 16 | : 10:00 am - 01:00 pm | ഫൊറോനവികാരിമാരുടെ യോഗം |
| | | : 02:30 pm - 05:00 pm | വൈദികസമിതി യോഗം |
| | 22 | : | പാലയൂർ മഹാതീർത്ഥാടനം |
| | 23 | : 02:30 pm - 04:00 pm | സംഘടനകളുടെ ഡയറക്ടർമാരുടെ യോഗം |
| | 25 | : 02:00 pm | ഡീക്കൻ പട്ടം & ചെറുപട്ടങ്ങൾ |
| | 26 | : 10:00 am - 02:00 pm | ആലോചനസമിതി യോഗം |
| | 30 | : 10:00 am - 03:00 pm | സമർപ്പിതവിശുദ്ധീകരണദിനം മൂറോൻ കൂദാശ |

**3. വിശുദ്ധ വാരം :**

| | |
|---|---|
| 29.03.2015 : | ഓശാന ഞായർ |
| 02.04.2015 : | പെസഹാവ്യാഴം |
| 03.04.2015 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 05.04.2015 : | ഉയിർപ്പ് തിരുനാൾ |

**4. സ്വാഗതം**

മറ്റു രൂപതകളിൽ സേവനം ചെയ്ത ശേഷം തിരിച്ചു വന്നിരിക്കുന്ന അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികർക്കും സ്വാഗതം.

ഫാ. വിത്സൻ കണ്ണനായ്ക്കൽ

ഫാ. ജെന്നർ വാകയിൽ CMF

ഫാ. ലിജോ ബ്രഹ്മകുളം CMI

ഫാ. അജിത്ത് പുല്ലോക്കാരൻ CMI

**5. നന്ദി :**

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി.

ഫാ. നിധിൻ ചക്കാലക്കൽ SDV

ഫാ. ലിന്റോ പുന്നശ്ശേരി CMI

ഫാ. ബിനോയ് ഇട്ടിക്കുന്നേൽ CMI

ഫാ. സാം (ജോർജ്ജ്) കൊച്ചുമുട്ടം CMF

ഫാ. ബിബിൻ വടക്കേത്തൊട്ടിയിൽ ISch

**6. ആശംസ :**

അതിരൂപതയിൽ നിന്ന് സേവനത്തിനായി പോയ ബഹു. വൈദികർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ

ഫാ. ടെറിൻ മുള്ളക്കര, ഫാ. പോൾ കള്ളിക്കാടൻ ,

ഫാ. ജെയ്സൻ മാറോക്കി

**7. വൈദികക്ഷേമനിധി :**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**8. പാലയൂർ മഹാതീർത്ഥാടനം :**

2015 മാർച്ച് 22നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം മറ്റുപ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

17. റവ. ഫാ. ദാവീദ് വിതയത്തിൽ, തൃശ്ശൂർ അതിരൂപത.

18. റവ. ഫാ. ജോയ് പുത്തൂർ, തൃശ്ശൂർ അതിരൂപത

19. ലിസ്യൂ എഫ്. സി. കോൺവെന്റ്, ഗുരുവായൂർ

20. ശ്രീമതി ട്രീസ ബാബു, കിണത്തുകടവിൽ ഹൗസ്, ലാലൂർ

21. ശ്രീ. ടോണി ഏനോക്കാരൻ, ഏയ്ഞ്ചൽ നഗർ, ഒല്ലൂർ

ഈശോയോടുള്ള സ്നേഹത്തെപ്രതിയും ഈശോയ്ക്ക് വേണ്ടയും ചെയ്യുന്ന എല്ലാ മഹനീയമാണെന്നും ബോധ്യം ഉൾകൊണ്ട് ഈശോയുടെ പ്രതിപുരുന്മാരാകാനൊരുങ്ങുന്ന വൈദികവിദ്യാർത്ഥികളെ സഹായിക്കുന്ന നിങ്ങളേവരെയും ഈശോനാഥൻ അനുഗ്രഹിക്കട്ടെ.

**ഫാ. ജയ്സൺ കൂനംപ്ലാക്കൽ,**

റെക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- ജനുവരി 14ന് സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ ഏറ്റവും ആധുനിക രീതിയിലുള്ള കാഡ് ലാബ്, കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.
- തൃശൂർ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ 12-മത് ജനറൽ ബോഡി യോഗം ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ജനുവരി 15ന് നടന്നു. ചെയർമാൻ മാർ. ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലിത്ത അധ്യക്ഷത വഹിച്ചു.
- 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംഘടിപ്പിച്ച ബലൂൺ റിലീസിംഗ് പരിപാടിയിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.
- ജനുവരി 16ന് ഐ.ടി.സി. അക്കാദമി & ഒറാക്കിൾ അക്കാദമിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി 'Analystics' എന്ന വിഷയത്തിൽ ഒരു വെബിനാർ സംഘടപ്പിച്ചു.
- ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ജനുവരി 16, 17 തിയ്യതികളിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗും, കേരള പേറ്റന്റ് ഇൻഫോർമേഷൻ സെന്ററും (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) സംയുക്തമായി സംഘടിപ്പിക്കുന്ന "ബൗദ്ധിക സ്വത്തവകാശത്തെക്കുറിച്ചും സംരംഭകർക്കുള്ള മൂലധനസാധ്യതകളെ"ക്കുറിച്ചുമുള്ള ശില്പശാലയുടെ ഉദ്ഘാടനം കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അഡ്മിനിട്രേറ്റേഴ്സ് തോമസ് മാത്യു, ബോബി പീറ്റർ എന്നിവർ ആശംസകളർപ്പിച്ചു. എബിൻ ജോൺസ് രാജു നന്ദി പ്രകാശിപ്പിച്ചു. രണ്ടു ദിവസങ്ങളിലായി നടന്ന ശില്പശാലയിൽ ശ്രീ. വി.പി. ബാലഗംഗാധരൻ (ഫോർമർ സയന്റിസ്റ്റ്, വി.എസ്.എസ്.സി.), ഡോ. അജിത് പ്രഭു വി. (ജോയിന്റ് ഡയറക്ടർ, കെ.എസ്.സി.എസ്.ടി.ഇ.), ശ്രീ. അജിത് എം. (അസി. കൺട്രോളർ ഓഫ് പേറ്റന്റ്സ്, പേറ്റന്റ് ഓഫീസ്, ചെന്നൈ), ശ്രീ. നിഖൽ വിൻസെന്റ് (പ്രൊജക്ട് സയന്റിസ്റ്റ്, പി.ഐ.സി. കേരള, കെ.എസ്.സി.എസ്.ടി.ഇ.) തുടങ്ങിയവർ വിവിധ വിഷയങ്ങളിലുള്ള ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.
- ജനുവരി 18ന്, സംസ്ഥാന സർക്കാർ തൃശൂർ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തിയ ഭൂമിഗീതം പരിപാടിയിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജും സഹകരിച്ചു.
- നാഷണൽ ഗെയിംസിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന റൺ കേരള

റണ്ണിന്റെ ഭാഗമായി കുട്ടികളിൽ ദേശസ്നേഹവും കായികാവബോധവും വളർത്താൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ യുവഎഞ്ചിനീയർമാർ ജനുവരി 19ന് സംഗീത-നൃത്ത സായാഹ്നം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കോളേജ് എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ നിർവ്വഹിച്ചു.

- ജനുവരി 20ന്, നാഷണൽ ഗെയിംസിനോടനുബന്ധിച്ച് സംഘടിപ്പിച്ച റൺ കേരള റണ്ണിന്റെ ഭാഗമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ യുവഎഞ്ചിനീയർമാർ ചെറുതുരുത്തി-വെട്ടിക്കാട്ടിരി ജംഗ്ഷൻ മുതൽ കോളേജ് കാമ്പസ് വരെ കൂട്ടയോട്ടം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയുടെ ഫ്ളാഗ് ഓഫ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു നിർവ്വഹിച്ചു. കോളേജ് പി.ആർ.ഒ. ഫാ. റോയ് ജോസഫ് വടക്കൻ സ്വാഗതവും, അഡ്മിനിട്രേറ്റർ തോമസ് മാത്യു ആശംസകളും അർപ്പിച്ചു. ദേശീയ ഗെയിംസിനെക്കുറിച്ച് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ വിദ്യാർത്ഥികളെ ബോധവല്ക്കരിച്ചു. എൻ.എസ്.എസ്. കോഡിനേറ്റർ കെ.എസ്. ശിവകുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത പരിപാടിയിൽ കോളേജിലെ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.
- ജനുവരി 21ന് ഐ.ടി.സി. അക്കാദമി & ഒറാക്കിൾ അക്കാദമിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി 'Internet of Things' എന്ന വിഷയത്തിൽ ഒരു വെബിനാർ സംഘടപ്പിച്ചു.
- കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ യഥാർത്ഥത്തിലുള്ള റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കാത്തതുകൊണ്ടാണ് എന്നുള്ള അവബോധം ഏറ്റെടുത്ത് ഒരു കൂട്ടം യുവജനങ്ങൾ റോഡ് സുരക്ഷ അവബോധ ബുള്ളറ്റ് റാലി സംഘടിപ്പിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ജനുവരി 23, 24 തിയ്യതികളിൽ നടക്കുന്ന നാഷണൽ ടെക്നോ-കൾച്ചറൽ ഫെസ്റ്റ് തരംഗ്-15 നോടനുബന്ധിച്ച് ജനുവരി 21ന് റോഡ് സുരക്ഷാ ബോധവല്ക്കരണ സന്ദേശവുമായി ബുള്ളറ്റ് റാലി സംഘടിപ്പിച്ചത്. ഉച്ചയ്ക്ക് 2 മണിക്ക് തൃശൂരിൽനിന്ന് ആരംഭിച്ച റാലിക്ക് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർശ്രീ. വി. സുരേഷ് കുമാർ ഫ്ളാഗ് ഓഫ് നിർവ്വഹിച്ചു. തൃശൂർ മോട്ടോർ വെഹിക്കിൾ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ആർ.കെ. അശോകൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. റാലിയിൽ 100-ാളം എൻഫീൽഡ് ബൈക്കുകൾ പങ്കെടുത്ത ബൈക്ക് റാലിയുടെ സമാപന സന്ദേശം വടക്കാഞ്ചേരി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ. രമേഷ് എം. നല്കി.
- ജനുവരി 23, 24 തിയ്യതികളിലായി സംഘടിപ്പിച്ച ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ടെക്നോ-കൾച്ചറൽ ഫെസ്റ്റായ തരംഗ് 15ന്റെ ഉദ്ഘാടനം കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രോ.വൈസ്ചാൻസലർ പ്രൊഫ.രവീന്ദ്രനാഥ് കെ. നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ കോളേജ്

എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ കെ ബാബു, അഡ്മിന്ട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, തരംഗ് കോഡിനേറ്റർ ബിജു സി.വി, സ്റ്റുഡൻസ് ചെയർമാൻ സജിത് ശ്യാംപ്രസാദ് തുടങ്ങിയവർ പ്രസംഗിച്ചു. തരംഗിനോടനുബന്ധിച്ച് അസ്ത്രജ്യോതി ക്വിസ്, നൃത്യ-ഡാൻസ് ഫെസ്റ്റ്, റോബോട്ടിക് ഷോ, വെബ് ഡിസൈനിംഗ്, കൊച്ചിൻ മെട്രോ, സർക്യൂട്ട് ഹണ്ട്, റോബോവാർ തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചു. കൂടാതെ സൗത്ത് ഇന്ത്യയിലെ 10 പ്രമുഖ ഡാൻസ് ടീമുകളുടെ മത്സരവും ഏഷ്യാ നെറ്റ് മ്യൂസിക് ഇൻഡ്യയിൽ പ്രേക്ഷക ശ്രദ്ധ നേടിയ "താമരശ്ശേരി ചുരം" അവതരിപ്പിക്കുന്ന മ്യൂസിക് ബാന്റ് ഷോയും മേളയുടെ പ്രധാന ആകർഷ ണമായിരുന്നു.

- ജനുവരി 26ന്, റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ പതാക ഉയർത്തി. ദേശത്തിന്റെ അഖണ്ഡതയും മതേതരത്വവും പരമാധികാരലും സംരക്ഷികക്കുവാൻ യുവജനങ്ങൾ പര:രർപ്പണം ചെയ്തു.
- കോളേജ് യൂണിയന്റെ ഔദ്യോഗിക ഉദ്ഘാടനം പ്രശസ്ത അവതാരകയും സിനി ആർട്ടിസ്റ്റുമായ പേളി മാണി നിർവ്വഹിച്ചു. കോളേജ് എക്സിക്യൂ ട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ആദ്ധ്യക്ഷം വഹിച്ച ചട ങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ കെ ബാബു, അഡ്മിനിട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, യൂണിയൻ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. പ്രസ്തുത പരിപാടിക്ക് ചെയർമാൻ സജിത് ശ്യാംപ്രസാദ്, വൈസ് ചെയർപേഴ്സൺ ടിന്റു ടെസെറിന്റ് എന്നിവർ നേതൃത്വം കൊടുത്തു.
- ജനുവരി 31, ഫെബ്രുവരി 1 തിയ്യതികളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ (IISc) നേതൃത്വത്തിൽ കോളേജിൽ നടത്തിയ GATE-2015 Examൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി എഴു ന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- കോളേജിന്റെ ഈ വർഷത്തെ ആർട്സ് ഡേ ഫെബ്രുവരി 2ന് സംഘടി പ്പിച്ചു. പ്രശസ്ത മോഹിനിയാട്ടം നർത്തകിയും, കേരള കലാമണ്ഡലം മോഹിനിയാട്ടം വകുപ്പ് മേധാവിയുമായ പ്രൊഫ. ലീലാമ്മ ഉദ്ഘാടനം നിർവ്വഹിച്ചു.

ഫാ. ജോസ് പുന്നോലിപ്പറമ്പിൽ
**എക്സിക്യൂട്ടീവ് മാനേജർ**

ഫാ. റോയ് ജോസഫ് വടക്കൻ
**പി. ആർ. ഒ.**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### ജൂബിലി മിഷൻ നേഴ്സിങ്ങ് സ്കൂൾ 50-ാം വർഷത്തിലേക്ക്

ജൂബിലി മിഷൻ നേഴ്സിങ്ങ് സ്കൂൾ സ്ഥാപിതമായതിന്റെ 50-ാം വാർഷത്തിലേക്ക് പ്രവേശിച്ചു. അർപ്പണബോധവും, ആത്മാർത്ഥതയും, പ്രാർത്ഥനാചൈതന്യവുമുള്ള നേഴ്സുമാരെ സൃഷ്ടിച്ച ജൂബിലി മിഷൻ നേഴ്സിങ്ങ് സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും വിശിഷ്ടാതിഥികളും ചേർന്ന് അൻപത് ബലൂണുകൾ പറത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് മോൺ. മുരിങ്ങാത്തേരി ഹാളിൽ ചേർന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനവും, അൻപതാം ബാച്ച് വിദ്യാർത്ഥികളുടെ തിരിതെളിയിക്കൽ ചടങ്ങും മാർ താഴത്ത് നിർവ്വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. നേഴ്സിങ്ങ് സ്കൂളിന്റെ പ്രാരംഭം മുതൽ മുപ്പതു വർഷക്കാലം പ്രിൻസിപ്പാളായിരുന്ന റവ. സിസ്റ്റർ ബ്ലസീല എഫ്.സി.സി.യെ മെത്രാപ്പൊലീത്ത പൊന്നാടയണിയിച്ച് ആദരിച്ചു. ജൂബിലി മിഷൻ മുൻ ഡയറക്ടർ ഫാ. റാഫേൽ വടക്കൻ നേഴ്സിങ്ങ് സ്കൂൾ കലണ്ടർ പ്രകാശനം ചെയ്തു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ്, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി എന്നിവർ ആശംസകൾ നേർന്നു. നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ റവ. സി. മേരി ജോൺ എഫ്.സി.സി. വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും വൈസ് പ്രിൻസിപ്പാൾ ശ്രീമതി അനിമോൾ സുവർണ്ണ ജൂബിലി ആഘോഷപദ്ധതികൾ വിശദീകരിക്കുകയും ചെയ്തു. നേഴ്സിങ്ങ് സ്കൂൾ ഗായകസംഘം സുവർണ്ണ ജൂബിലി ഗാനം ആലപിച്ചു. ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ സമ്മാനദാനം നിർവ്വഹിച്ചു. നേഴ്സിങ്ങ് സ്കൂൾ ഇൻ ചാർജ് ഫാ. ജോബി കടപ്പൂരാൻ സ്വാഗതവും, കുമാരി ഏയ്ഞ്ചൽ മരിയ നന്ദിയും പറഞ്ഞു.

### 'ജൂബിലിയുടെ തായ്വേരുകൾ' പ്രകാശനം ചെയ്തു

63-ാം വർഷത്തിലേക്കു പ്രവേശിക്കുന്ന ജൂബിലി മിഷൻ ആശുപത്രിയുടെയും 50-ാംവർഷത്തിലേക്കു പ്രവേശിക്കുന്ന ജൂബിലി മിഷൻ നഴ്സിംഗ് സ്കൂളിന്റെയും ആഘോഷങ്ങളോടനുബന്ധിച്ച് 'ജൂബിലിയുടെ തായ്വേരുകൾ' എന്ന ഡോക്യുമെന്ററി പുറത്തിറക്കി. ജൂബിലി മിഷന്റെ ആരംഭം മുതലുള്ള ചരി

ത്രവും വൈദ്യശാസ്ത്രസംഭാവനകളും 20 മിനിറ്റുള്ള ഡോക്യുമെന്ററിയിൽ വിവരിക്കുന്നുണ്ട്. ജൂബിലി മിഷൻ ആശുപത്രിയിലെ വൈദികരുടെ സഹ കരണത്തോടെ ശ്രീ. എൻ. കെ. പോളിയാണ് രചനയും സംവിധാനം നിർവ്വ ഹിച്ചിരിക്കുന്നത്. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിലും അതി രൂപതയിലെ നവവൈദികരും ചേർന്നാണ് ഡോക്യുമെന്ററി പ്രകാശനം നിർവ്വ ഹിച്ചത്.

**ഡോ. എച്ച്. എസ്. ഏഡൻവാല പ്ലാസ്റ്റിക് സർജൻ ഓഫ് ദി ഇയർ**

അസോസിയേഷൻ ഓഫ് പ്ലാസ്റ്റിക് സർജൻസ് ഓഫ് ഇന്ത്യ (ASPI) ഈ വർഷത്തെ (2015) 'പ്ലാസ്റ്റിക് സർജൻ ഓഫ് ഇന്ത്യ' ആയി ഡോ. എച്ച്. എസ്. ഏഡൻവാലയെ തിരഞ്ഞെടുത്തു. ഈ ബഹുമതി അദ്ദേഹത്തിന് 2015 ഡിസം ബറിൽ മുംബൈയിൽ നടക്കുന്ന ASPI യുടെ അമ്പതാമത് വാർഷികസമ്മേള നത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സമ്മാനിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭനായ പ്ലാസ്റ്റിക് സർജനെ ആദരിക്കുന്നതായിട്ടാണ് ASPI ഈ അവാർഡ് ഏർപ്പെടു ത്തിയിരിക്കുന്നത്.

**അതിരൂപതയിലെ നവവൈദികർക്ക് സ്വീകരണം നൽകി (21/01/2015)**

തൃശ്ശൂർ അതിരൂപതയിൽനിന്നുള്ള നവവൈദികർക്ക് സ്വീകരണവും അനു മോദനവും 2015 ജനുവരി ഇരുപത്തിയൊന്നിനു നടന്നു.

**റിപ്പബ്ലിക്ദിനാഘോഷം**

ജനുവരി 26ന് റിപ്പബ്ലിക് ദിനാഘോഷത്തിൽ ജൂബിലിയിലെ സീനിയർ ഡോക്ടർ ഡോ. സണ്ണി ജോർജ്ജ് പതാക ഉയർത്തി സന്ദേശം നൽകി.

**നഴ്സിങ്ങ് കോളേജ് വർക്ക്ഷോപ്പ് (23/01/2015)**

ജൂബിലി നഴ്സിങ്ങ് കോളേജ് ബിരുദാനന്തര ബിരുദവിദ്യാർത്ഥികളുടെ നേതൃ ത്വത്തിൽ വർക്ക്ഷോപ്പ് നടന്നു. കേരളത്തിലെ വിവിധ നഴ്സിങ്ങ് കോളേജു കളിൽനിന്നും നഴ്സിങ്ങ് മേഖലയിൽനിന്നും ഇരുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു.

**നഴ്സിങ്ങ് കോളേജ് ടീം റണ്ണേഴ്സ് അപ്പ്**

കേരള ആരോഗ്യ സർവ്വകലാശാല നടത്തിയ സംസ്ഥാനതല ഖോ-ഖോ... ചാമ്പ്യൻഷിപ്പിൻ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് റണ്ണേഴ്സ് അപ്പാ യി.

**ജൂബിലിയിൽ രോഗിദിനം ആചരിച്ചു**

പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ ദിനമായ ഫെബ്രുവരി പതിനൊന്നിന് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും, ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു. തൃശ്ശൂർ അതിരൂപതാ ചാൻസിലർ ഫാ. മാത്യു കുറ്റികോട്ട യിൽ രോഗീദിന വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- ഗൈനക്കോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഞ്ജലി ഓൾ ഇന്ത്യ കോൺഗ്രസ്സ് ഓഫ് ഒബ്സ്ട്രക്റ്റീവ് ആന്റ് ഗൈനക്കോളജി, 2015 ലെ പേപ്പർ അവതരണത്തിൽ ഒന്നാം സ്ഥാനം നേടി.

- ജൂബിലി മിഷൻ ആശുപത്രിയുടെ റിസേർച്ച് വിഭാഗം നടത്തിയ ഈ വർഷത്തെ അവാർഡ് ഫോർ ബെസ്റ്റ് തീസീസ് പ്രസന്റർ MD-വിഭാഗത്തിൽ ഡോ. അബൂബക്കർ മുഹമ്മദ് റാഫിയും (PG, ട്രാൻസ്ഫ്യൂഷ്യൻ മെഡിസിൻ) MS വിഭാഗത്തിൽ ഡോ. എലിസബത്ത് വി. ഐസക്കും (PG, ഗൈനക്കോളജി) നേടി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, കുരിയിച്ചിറ യൂണിറ്റ്, തൃശ്ശൂർ
  (20 ഡയാലിസിസ്)
- സെന്റ് വിൻസെന്റ് പള്ളോട്ടി സെൻട്രൽ സ്കൂൾ, ഒല്ലൂക്കര പി. ഒ, കാളത്തോട്, തൃശ്ശൂർ
  (101 ഡയാലിസിസ്)
- സെന്റ് മേരീസ് ചർച്ച്, വെങ്ങിണിശ്ശേരി, തൃശ്ശൂർ (83 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, തിരൂർ, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ (200 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, കണ്ണാറ, തൃശ്ശൂർ (50 ഡയാലിസിസ്)
- ഡോ. സോജൻ കെ. ജോർജ്ജ്, ഈസ്റ്റ് ഫോർട്ട് (40 ഡയാലിസിസ്)

- ശ്രീ. അനീഷ് തോമസ്, പുളിപറമ്പിൽ ഹൗസ്, തലയോലപറമ്പ് (80 ഡയാലിസിസ്)
- സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് (വോയ്സ് ഓഫ് ആറ്റത്തറ), കുണ്ടന്നൂർ, തൃശ്ശൂർ
(30 ഡയാലിസിസ്)
- ശ്രീ. ബിനോയ്, പുതുശ്ശേരി ഹൗസ്, ചേറൂർ, തൃശ്ശൂർ (80 ഡയാലി സിസ്)
- ഫാത്തിമ മാത ചർച്ച്, വെളാറ്റഞ്ഞൂർ, തൃശ്ശൂർ (80 ഡയാലിസിസ്)
- ജോയ് ആലുക്കാസ് ഫൗണ്ടേഷൻ, ജോയ് ആലുക്കാസ് കോർപ്പ റേറ്റ് ഓഫീസ്, മറൈൻ ഡ്രൈവ്, കൊച്ചി (160 ഡയാലിസിസ്)
- ശ്രീ. മഹേഷ് രാജ് ആർ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (20 ഡയാലിസിസ്)
- അസംപ്ഷൻ ചർച്ച്, വരന്തരപ്പിള്ളി, പള്ളിക്കുന്ന്, തൃശ്ശൂർ (80 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. വർഗ്ഗീസ് ആട്ടോക്കാരൻ, മണ്ണുക്കാട്, ചേറൂർ, തൃശ്ശൂർ
- ശ്രീ. ഷാജി, തെക്കേക്കര ഹൗസ്, ലൂർദ്ദ്പുരം, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ
- ശ്രീമതി ഷീന പ്രിൻസ്, കവലക്കാ് ഹൗസ്, തൃശ്ശൂർ
- മേരി മെയ്ഡ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

ഫാ.ഫ്രാൻസിസ് പള്ളിക്കുത്ത്
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ

കഴിഞ്ഞ 1 വർഷക്കാലം സാന്ത്വനം, സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ, സോഷ്യൽ സെന്റർ ഹൗസിംഗ്, തുടങ്ങിയ പ്രസ്ഥാനങ്ങളുടെ അമരക്കാരനായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ഫാ. ലൂയീസ് എടക്കളത്തൂരച്ചന് സാന്ത്വനം കുടുംബം ഹൃദ്യമായ യാത്രയപ്പ് നല്കി. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യാത്രയപ്പ് യോഗത്തിൽ പുതിയ ഡയറക്ടറായി ചാർജെടുത്ത ഫാ. തോമസ് പൂപ്പാടി, വൈസ് പ്രസിഡന്റ് ജോസ് കല്ലറക്കൽ, സി. കെ. പോൾ തുടങ്ങിയവർ ബഹു. ലൂയീസ് എടക്കളത്തൂരച്ചൻ ചെയ്ത വിശിഷ്ട സേവനങ്ങളെ അനുസ്മരിക്കുകയും കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് യാത്രയാകുന്ന അച്ചന് ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകളും പ്രാർത്ഥനകളും നേർന്നു.

## നവവൈദികർക്ക് സ്വീകരണം നല്കി

തൃശ്ശൂർ അതിരൂപതയിൽ ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് സാന്ത്വനം ഓഫീസിൽ, ഫാ. ലൂയീസ് എടക്കളത്തൂരിന്റെ അദ്ധ്യക്ഷതയിൽ ഹൃദ്യമായ സ്വീകരണം നല്കി. അതിരൂപതയുടെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നവവൈദികരുടെ പിന്തുണയും സഹായവും അഭ്യർത്ഥിച്ചുകൊണ്ട് ലൂയീസച്ചൻ സ്വാഗതം ആശംസിച്ചു. മേജർ സെമിനാരിയിൽ നിന്നും ഫാ. ഇ.ജെ. തോമസ് എസ്. ജെ., ഫാ. ടോണി നീലങ്കാവിൽ എന്നിവർ ഈ പരിപാടിയ്ക്ക് നേതൃത്വം നല്കി.

## വിളവെടുപ്പ് നടത്തി

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ വെള്ളാനിക്കോട് ഇടവകയിൽ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് പുരുഷ സ്വയംസഹായ സംഘം നടത്തിയ കാബേജ്, കോളിഫ്ളവർ, തക്കാളി തുടങ്ങിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് നടത്തി. ഏകദേശം 1 ഏക്കറോളം വരുന്ന സ്ഥലത്ത് ചെയ്ത കൃഷിയുടെ ആദ്യ വിളവെടുപ്പ് തൃക്കൂർ പഞ്ചായത്ത് പ്രസിഡന്റ് ഷെന്നി ആന്റോ പാനോക്കാരൻ നിർവ്വഹിച്ചു. കൃഷി ഓഫീസർ, കെ. വി. കെ. പ്രതിനിധികൾ, വി.

എസ്. പി. സി. കെ. പ്രതിനിധികൾ, സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി തുടങ്ങിയവർ ആശംസകളർപ്പിച്ചു.

**സഹായങ്ങൾ വിതരണം ചെയ്തു.**

സേവ് എ ഫാമിലിയുടെ എഫ്. ഡി. പി. പ്രൊജക്റ്റ് മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

എറവ്–10,000/, തൃക്കൂർ –10,000/ , പാലയൂർ – 28,000/ , മണലൂർ – 30,000, ചെവ്വൂർ – 7,500/

**ഭവന നിർമ്മാണ വായ്പാ പദ്ധതി അവസാനിച്ചു.**

സോഷ്യൽ സെന്റർ ഹൗസിംഗിന്റെ ആഭിമുഖ്യത്തിൽ, അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവിന്റെ സുവർണ്ണ ജൂബിലിയുടെ സ്മാരകമായി തുടങ്ങി വെച്ച രൂപതയിലെ 500 പാവപ്പെട്ട കുടുംബങ്ങൾക്കുവേണ്ടിയുള്ള 22 വർഷത്തെ ഭവന നിർമ്മാണ വായ്പാ പദ്ധതി അവസാനിച്ചിരിക്കുകയാണ്. ഇതിനോടനുബന്ധിച്ച ഗുണഭോക്താക്കളുടെ ആധാരവും, ഗുണഭോക്തൃവിഹിതവും തിരിച്ചു നല്കി കൊണ്ടിരിക്കുകയാണ്. സ്പോൺസർമാരോ, വ്യക്തികളോ, ഇനിയും രേഖകളും തുകയും തിരിച്ചു വാങ്ങാൻ ഉണ്ടെങ്കിൽ മാർച്ച് 15–ാം തിയ്യതിയ്ക്കുള്ളിൽ

സാന്ത്വനം ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്ന് അറിയിച്ചു കൊള്ളുന്നു. ഈ പദ്ധതിയുമായി സഹകരിച്ച എല്ലാ വൈദികർക്കും, സന്യാസിനികൾക്കും,

വിൻസെൻ്റ് ഡിപോൾ സൊസൈറ്റി ഭാരവാഹികൾക്കും, മറ്റു ഉപകാരികൾക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിച്ചു കൊള്ളുന്നു.

**റോഡ് നിർമ്മാണം പൂർത്തിയായി**

സ്പെഡ് III പദ്ധതിയുടെ ഭാഗമായി മെതുക് തെക്കേചോലയ്ക്കൽ 150 മീറ്റർ നീളമുള്ള പുതിയ റോഡ് നിർമ്മിച്ചു. സ്പെഡിൽ നിന്നും 45,000 രൂപയും പഞ്ചായത്തിൽ നിന്ന് 2.5 ലക്ഷം രൂപയും ചെലവാക്കിയാണ് റോഡ് പണി പൂർത്തിയാക്കിയത്.

**പരിശീലന ക്ലാസ്സുകൾ നടത്തി**

സ്പെഡ് III പദ്ധതിയുടെ ഭാഗമായി മെതുക് വില്ലേജിൽ, ഗ്രാമസഭയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ് ശ്രീ. പ്രകാശൻ (കില) നയിച്ചു.

വെങ്ങാനെല്ലൂർ, മുള്ളൂർക്കര, ചേലക്കരഗ്രാമം എന്നിവിടങ്ങളിൽ 'ഉപയോഗിച്ച പ്ലാസ്റ്റിക്കുകളുടെ വീണ്ടുപയോഗം' എന്നിവയെക്കുറിച്ചുള്ള ട്രെയിനിംഗ് 6 ദിവസങ്ങളിലായി നടത്തി. വെങ്ങാനെല്ലൂർ, മുള്ളൂർക്കര എന്നീ വില്ലേജുകളിൽ പേപ്പർ ബാഗ് പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മേപ്പാടം വില്ലേജിൽ റോഡിന്റെ പ്രധാന്യത്തെക്കുറിച്ചുള്ള ബോധവല്ക്കരണ ക്ലാസ്സ് ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ലിസ്സി തോമസ് നയിച്ചു. വിവിധ പരിശീലന ക്ലാസ്സുകളിൽ നിരവധി പേർ പങ്കെടുത്തു.

## സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

ജനുവരി 31 ശനിയാഴ്ച എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം നടന്നു. യോഗത്തിൽവെച്ച് ഡയറക്ടർ ഫാ.ലൂയീസ് എടക്കളത്തൂരിന് ഹൃദ്യമായ യാത്രയയപ്പ് നല്കി. ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും ചെയ്തു.

31.01.2015 ന് സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ സി. ഡി. എസ്. യോഗം നടന്നു. യോഗത്തിൽ ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. ഏരിയ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സി. അജയ നന്ദി പറഞ്ഞു.

## സ്പെഡ് III

വെങ്ങാനെല്ലൂർ വെസ്റ്റ് II, ചേലക്കര നോർത്ത് എന്നിവിടങ്ങളിൽവെച്ച് വരുമാന വർദ്ധക തൊഴിലുകളെക്കുറിച്ച് ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തി. മൈക്രോ എന്റർപ്രൈസസ്സ് കൺസൽട്ടന്റ് ബുഷറ ട്ടി. എ. ആയിരുന്നു ക്ലാസ്സ് നയിച്ചത്. ചേലക്കര നോർത്തിൽവെച്ച് കൃഷിക്കാർക്കുവേണ്ടിയുള്ള ബോധവല്ക്കരണ ക്ലാസ്സ് സുധീർ ബാബു നയിച്ചു. 25 ൽപരം അംഗങ്ങൾ പങ്കെടുത്തു. പാറപ്പുറത്ത്വെച്ച് യൂത്ത് ക്ലബ്ബിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവല്ക്കരണ ക്ലാസ്സ് നടത്തി. മെതുക് I വില്ലേജിൽ 30 കുടുംബങ്ങൾക്കുവേണ്ടി കുടിവെള്ളത്തിനായി 270 അടി ബോർവെൽ സംവിധാനം ചെയ്തുകൊടുത്തു. വെങ്ങാനെല്ലൂർ ഈസ്റ്റ് II വിൽവെച്ച് കുട്ടികൾക്കുവേണ്ടിയുള്ള ചിത്രരചനാമത്സരം നടത്തി. വിജയികൾക്ക് ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ലിസി തോമസ് ട്രോഫികൾ നല്കി.

വെങ്ങാനെല്ലൂർ ഈസ്റ്റ് II വിൽവെച്ച് ക്യാൻസറെക്കുറിച്ചുള്ള ബോധ

വൽക്കരണ ക്ലാസ്സ് സേവ് എ ഫാമിലി പ്ലാൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി നയിച്ചു.കുറുമല Iൽവെച്ച് വരുമാന വർദ്ധനവിനെക്കുറിച്ചും, മാർക്കറ്റിംങ്ങിനെക്കുറിച്ചും ഉള്ള ബോധവൽക്കരണ ക്ലാസ്സ് നടത്തി.

**ഗോഡ്സ് ഓൺ ഫാമിലി**

പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്തൃ കുടുംബങ്ങൾക്കുവേണ്ടിയുള്ള റീജിണൽ ലെവൽ മീറ്റിംഗ് 16.12.14 പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തി. ശ്രീ. അജു അലോഷ്യസ് "മാനസികാരോഗ്യം" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ, സാന്ത്വനം

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. തൃശ്ശൂർ വെസ്റ്റ് ഏരിയ കൗൺസിൽ ബ്ര. സണ്ണി ആന്റോ ചെറക്കേക്കാരന്റെ മാതാവിന്റെ നിര്യാണത്തിൽ സി. സി. യോഗം അനുശോചനം രേഖപ്പെടുത്തി.
2. KRCCതലത്തിൽ സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ പൊങ്ങണംകാട് കോൺഫ്രൻസിലെ സി. ഷൈനി പൗലോസിനെ സി.സി.യുടെ അനുമോദനങ്ങൾ.
3. തൃശ്ശൂർ വെസ്റ്റ് എ.സി. പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. സണ്ണി ആന്റോ ചെറക്കേക്കാർ സി. സി.യോഗത്തിൽ വെച്ച് സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. പുതിയ പ്രസിഡണ്ടിന് സി.സി.യുടെ അനുമോദനങ്ങൾ. മുൻപ്രസിഡണ്ടായിരുന്ന ബ്ര. പ്രേംപ്രകാശ് ലൂവീസിന്റെ സേവനങ്ങൾക്ക് സി.സി.യുടെ നന്ദി.
4. 12 വർഷക്കാലം സി.സി.യുടെ ആദ്ധ്യാത്മികോപദേഷ്ടാവായിരുന്ന റവ. ഫാ. മാത്യു ചാക്കേരിയ്ക്ക് സി.സി. പ്രസിഡണ്ട് ബ്ര. ഷിബു കാഞ്ഞിരത്തിങ്കൽ നന്ദിപറഞ്ഞു. പുതിയ ആദ്ധ്യാത്മികോപദേഷ്ടാവായി സ്ഥാനമേറ്റ റവ. ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരിക്ക് ബൊക്കെ നൽകി സ്വാഗതം ചെയ്തു.
5. നാഷണൽ കൗൺസിൽ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. ജോൺസൺ വർഗ്ഗീസിന് സി.സി.യുടെ അനുമോദനങ്ങൾ. മുൻ എൻ. സി. പ്രസിഡണ്ടായിരുന്ന ബ്ര. വി.എം.ജെ. ബാലസ്വാമിക്കി സിസിയുടെ നന്ദി.
6. 20.02.2015ന് പുത്തൻപള്ളിയിൽ നിന്ന് പുറപ്പെടുന്ന പാലയൂർ ജാഗരണ തീർത്ഥാടന പദയാത്രയിൽ പരമാവധി വിൻസെൻഷ്യൻ അംഗങ്ങൾ പങ്കെടുക്കണമെന്ന് സി.സി. പ്രസിഡണ്ട് അറിയിച്ചു.

| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
|---|---|---|
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി.പ്രസിഡണ്ട് | സെക്രട്ടറി |

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. മദ്യവിരുദ്ധ ബോധവല്ക്കരണ വാഹന ജാഥ**

മദ്യവിരുദ്ധ നയം അട്ടിമറിക്കുകയും ബീയർ–വൈൻ പാർലറുകൾ അനുവദിയ്ക്കുകയും ചെയ്ത സർക്കാരിന്റെ നടപടിയ്ക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് മദ്യവിരുദ്ധ സമിതി മാർച്ച് 14ന് വാഹന പ്രചരണ ജാഥകൾ സംഘടിപ്പിക്കുകയാണ്. ഇതിന്റെ വിജയകരമായ നടത്തിപ്പിന് വിവിധ കമ്മിറ്റികൾക്കു രൂപം നൽകി. നാലുവ്യത്യസ്ത മേഖലാ കേന്ദ്രങ്ങളിൽ കാലത്ത് ആരംഭിക്കുന്ന ജാഥകൾ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പര്യടനവും ബോധവൽക്കരണവും നടത്തിയതിനുശേഷം വൈകീട്ട് 5 മണിക്ക് തൃശ്ശൂർ ടൗണിൽ ഒരേ വേദിയിൽ പര്യവസാനിക്കും.

**A. വടക്കൻ മേഖലാ സമ്മേളനം വടക്കാഞ്ചേരിയിൽ**

മാർച്ച് 14ന്റെ വാഹന പ്രചരണ ജാഥയ്ക്കൊരുക്കമായി വടക്കാഞ്ചേരിയിൽ പ്രത്യേക സമ്മേളനം കൂടി. സമ്മേളനം അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. വടക്കാഞ്ചേരി ഫൊറോന പ്രമോട്ടർ റവ. ഡോ. ബിജു ആലപ്പാട്ടാണ് അദ്ധ്യക്ഷത വഹിച്ചത്. ജോണി ചിറ്റിലപ്പിള്ളി, ജോസ് ചെമ്പിശ്ശേരി, പി.ജി. ബാബു തുടങ്ങിയവർ പ്രസംഗിച്ചു. ശ്രീ. ഫ്രാൻസീസ് തേർമഠം മാണ് ജാഥാ ക്യാപ്റ്റ്യൻ.

**B. പടിഞ്ഞാറൻ മേഖലാ സമ്മേളനം**

ഫെബ്രുവരി 1ന് പടിഞ്ഞാറൻ മേഖലാ സമ്മേളനം മുൻ ഡയറക്ടർ ഫാ. ജോജു പനയ്ക്കൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി തോമസ് ചിറമ്മൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി.ആർ. ജോസഫ്, ഇ.കെ. ജോസഫ്, ജോൺസൺ ചൊവ്വല്ലൂർ, ബാബുരാജ് തുടങ്ങിയവർ പ്രസംഗിക്കുകയുണ്ടായി. വൈലത്തൂർ പള്ളിയിൽ ചേർന്ന സമ്മേളനത്തിന്റെ തീരുമാനപ്രകാരം ശ്രീ. സി. പി. ജോസാണ് ജാഥാ ക്യാപ്റ്റ്യനായിരിക്കുക.

**C. ദക്ഷിണ മേഖലാ സമ്മേളനം**

മദ്യവിരുദ്ധ സമിതിയുടെ ദക്ഷിണ മേഖലാ സമ്മേളനം ഫെബ്രുവരി 8ന് ഒല്ലൂർ ഫൊറോന പള്ളിയിൽ അരങ്ങേറി. ഫാ. ജാക്സൺ കൂനംപ്ലാക്കലാണ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ജോസ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ സി.ഡി ജോസ്, സി.ജെ. ഡേവീസ്, കെ.എൽ. ആന്റണി തുടങ്ങിയവർ സംസാരിച്ചു. ശ്രീ. അഖിൽ പോൾ മാർച്ച് 14ന്റെ ജാഥ നയിക്കും.

**D. കിഴക്കൻ മേഖലാ സമ്മേളനം**

മദ്യവിരുദ്ധ സമിതിയുടെ കിഴക്കൻ മേഖലാ സമ്മേളനം ഫെബ്രുവരി 8ന്

ലൂർദ്ദ് കത്തീഡ്രൽ ദൈവാലയങ്കണത്തിൽ സംഘടിപ്പിക്കപ്പെട്ടു. അതിരൂപതാ ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ മേഖലാ കൺവീനർ സുനീഷ് സ്രാമ്പിക്കലായിരുന്നു അദ്ധ്യക്ഷൻ ശ്രീ. പോൾ മുക്കാട്ടുകര ഉൾപ്പടെ ഫൊറോന സാരഥികൾ പ്രസംഗിച്ചു.

മേഖലകൾ തീരുമാനിക്കുന്ന കേന്ദ്രങ്ങളിലാണ് പ്രചരണ ജാഥ തുടങ്ങേണ്ടത്. സ്വീകരണ സ്ഥലങ്ങളിൽ ജനങ്ങളെ സംഘടിപ്പിക്കുവാൻ മേഖലാ-യൂണിറ്റ് ഭാരവാഹികൾ ആത്മാർത്ഥമായി പരിശ്രമിക്കണം. എല്ലാ ജാഥകളും വൈകീട്ട് 5 മണിക്ക് തൃശ്ശൂർ ടൗണിൽ എത്തിച്ചേരേണ്ടതാണ്.

**2. മദ്യവിരുദ്ധ കുടുംബക്കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതാ മദ്യവിരുദ്ധ സമിതി പ്രവർത്തകരുടെ കുടുംബക്കൂട്ടായ്മ ഫെബ്രുവരി 22-ാം തിയതി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുകയാണ്. രാവിലെ 9.30മുതൽ 4 മണി വരെയായിരിക്കും പരിപാടി. ദിവ്യബലിയും സ്നേഹവിരുന്നും പ്രഭാഷണങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ പരിപാടിയിൽ പങ്കെടുക്കുന്നതിന് എല്ലാ ഭാരവാഹികളേയും പ്രത്യേകം ക്ഷണിക്കുന്നു.

| | | |
|---|---|---|
| **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** | **ജോസ് ആലപ്പാട്ട്** | **തോമസ് ചിറമ്മൽ** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

## കേരള ലേബർ മൂവ്മെന്റ്

**റവ. ഫാ. കോനിക്കരയ്ക്ക് നന്ദി**

കഴിഞ്ഞ രണ്ടുവർഷമായി സംഘടനയെ നല്ല രീതിയിൽ മുന്നോട്ട് നയിക്കുകയും, ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്ത കോനിക്കരയച്ചന് കേരള ലേബർ മൂവ്മെന്റ് അതിരൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദിയുടെയും സ്നേഹത്തിന്റേയും പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

**പുതിയ ഡയറക്ടർക്കും സംസ്ഥാന സമിതിയ്ക്കും സ്വീകരണം**

തൃശ്ശൂർ അതിരൂപതാ കെ. എൽ. എം. പുതിയ ഡയറക്ടറായി നിയമിതനായ കെ.എൽ.എം. സംസ്ഥാന ഡയറക്ടർ കൂടിയായ റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിലിനും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സമിതിക്കും പാസ്റ്ററൽ സെന്ററിൽ വെച്ച് 8.02.15 ഞായറാഴ്ച സ്വീകരണം നൽകി.

**സംസ്ഥാന സമിതിയുടെ ആദ്യയോഗം തൃശ്ശൂരിൽ**

ഫെബ്രുവരി 7, 8 (ശനി, ഞായർ) തീയതികളിൽ തൃശ്ശൂർ ഡി.ബി.സി.

എൽ. സിയിൽ വെച്ച് സംസ്ഥാന സമിതിയുടെ ആദ്യയോഗം നടന്നു. 2015 ലെ കർമ്മപരിപാടി തയ്യാറാക്കലും അതിന്റെ പ്രവർത്തന വിശദീകരണവുമായിരുന്നു യോഗത്തിലെ പ്രധാന അജണ്ട.

**കേരള ലേബർ മൂവ്മെന്റ് സംസ്ഥാന വാർഷിക അസംബ്ലിയും തിരഞ്ഞെടുപ്പും.**

കെ.എൽ.എം.സംസ്ഥാന വാർഷിക അസംബ്ലി 2015 ജനുവരി 25, 26 ഞായർ , തിങ്കൾ ദിവസങ്ങളിൽ എറണാകുളത്തുള്ള പി.ഒ.സി.യിൽ വെച്ച് നടന്നു.

സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. മത്തായി മരുതൂർ പതാക ഉയർത്തിയതോടെ സമ്മേളനത്തിന് തുടക്കം കുറിച്ചു. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ജോയ് ഗോതുരുത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ (സംസ്ഥാന ഡയറക്ടർ) ആമുഖ പ്രഭാഷണവും അഭിവന്ദ്യ ബിഷപ്പ് മാർ ജോസ് പെരുന്നേടം (ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ) അനുഗ്രഹപ്രഭാഷണവും നടത്തി. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം. പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. രണ്ടു ദിവസ്സങ്ങളിലായി നടന്ന വിവിധ സമ്മേളനങ്ങളിൽ റവ. ഫാ. വർഗ്ഗീസ് കള്ളിക്കാട്ട് (ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ. സി.ബി.സി.) ശ്രീ. ഷാജു ആന്റണി, ശ്രീ. ജോസഫ് ജൂഡ് (ദേശീയ പ്രസിഡണ്ട് വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ) ശ്രീ. ബാബു തണ്ണിക്കോട്ട്, ശ്രീ ഗീവർഗ്ഗീസ് കളത്തിനാൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പൻ, ശ്രീ. ജോൺ കെന്നഡി, ശ്രീ. എ.ജെ. സാബു എന്നിവർ പ്രസംഗിച്ചു.

വിവിധ സമ്മേളനങ്ങളിലായി രൂപത ഘടകങ്ങളുടെയും വിവിധ തൊഴിലാളി ഫോറങ്ങളുടെയും വാർഷി പ്രവർത്തന റിപ്പോർട്ടുകളുടെ അവതരണം, സംഘടനയുടെ വിവിധ മേഖലകളിലെ പ്രവർത്തനത്തെ കുറിച്ചുള്ള ചർച്ച, 2015ലെ കർമ്മ പരിപാടി രൂപീകരണവും ചർച്ചയും, സംസ്ഥാന വാർഷിക റിപ്പോർട്ടും, കണക്കവതരണവും നടന്നു. സമ്മേളനത്തിലെ അവസാന പരിപാടിയായിരുന്നു 2015-2016 വർഷത്തേക്കുള്ള സംസ്ഥാന സമിതിയുടെ തിരഞ്ഞെടുപ്പ്

**2015-2016 വർഷത്തേക്കുള്ള സംസ്ഥാന സമിതി.**

ഡയറക്ടർ : റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ, പ്രസിഡണ്ട് : ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, മാനന്തവാടി, വൈസ് പ്രസിഡണ്ട്: ശ്രീ. ഷാജു ആന്റണി, തൃശ്ശൂർ, ശ്രീ. കുരീപ്പുഴ എം. ജോർജ്ജ്, കൊല്ലം. ജനറൽ സെക്രട്ടറി: ശ്രീ. ബാബു തണ്ണിക്കോട്ട്, വരാപ്പുഴ. ട്രഷറർ : ശ്രീ. വർഗ്ഗീസ് കുളത്തിനാൽ, പത്തനംത്തിട്ട. സെക്രട്ടറിമാർ : ശ്രീ സ്റ്റീഫൻ കെ.എസ്. കോഴി

ക്കോട്, ശ്രീ. ബെന്നി തെങ്ങുംപള്ളി, പാലക്കാട്, ശ്രീ. ജോർജ്ജ് അമ്പഴം, ഇടുക്കി, ശ്രീ. കുഞ്ഞപ്പൻ പി. സി., ചങ്ങനാശ്ശേരി, ശ്രീ. രവി പല്ലപ്പുറ, തിരുവനന്തപുരം, വനിത ഫോറം പ്രസിഡണ്ട് : ശ്രീമതി ശോഭ ആന്റണി, കൊച്ചി, വനിതാ ഫോറം ജനറൽ സെക്രട്ടറി : ശ്രീമതി മോളി ജോബി, തൃശ്ശൂർ, മേഖല കൺവീനർമാർ : ശ്രീമതി ത്രേസ്യാമ്മ, എം. കെ. കണ്ണൂർ, ഷൈനി ജോജോ, കോട്ടയം, ഗീതാകുമാരി, നെയ്യാറ്റിൻകര

**അവാർഡുകൾ, അംഗീകാരങ്ങൾ**

വാർഷിക പൊതുയോഗത്തിൽവെച്ച് 2013-2014 അദ്ധ്യയന വർഷത്തിൽ കെ.എൽ.എം. അംഗങ്ങളുടെ മക്കളിൽ പത്താം ക്ലാസ്സിൽ മുഴുവൻ വിഷയങ്ങളിലും എ. പ്ലസ് നേടിയവർക്കുള്ള ക്യാഷ് അവാർഡുകളും ട്രോഫികളും വിതരണം ചെയ്തു. 1. ഗോഡ്വിൻ, ഏഞ്ചലിൻ ബെൻജോ, മുണ്ടൂർ, 2. അജിൽ ആന്റണി, കെ. ചിറ്റാട്ടുകര 3. സിൽജ സി. ജോസഫ്, ചിറ്റാട്ടുകര, 4. സ്റ്റെഫി ദിലീപ് കെ. എടക്കളത്തൂർ, 5. നീതു ഒ.ജെ. എരുമപ്പെട്ടി എന്നിവരാണ് വിദ്യഭ്യാസ അവാർഡിന് അർഹരായവർ

**കെ.എൽ. എം.-ൽ 25 വർഷം പ്രവർത്തനം നടത്തി സർവ്വീസ് അവാർഡ് നേടിയവർ**

1. ശ്രീ ആൻഡ്രൂസ് എം. എൽ, എറവ്, യൂണിറ്റ്, 2. ശ്രീ. തോമസ് സി.എ. എറവ് യൂണിറ്റ്, 3. ശ്രീ. കൊച്ചപ്പൻ കെ. കെ. എറവ് യൂണിറ്റ്, 4.ശ്രീമതി റീത്ത ആൻഡ്രൂസ്, എറവ് യൂണിറ്റ്, 5. ശ്രീ. സാബു കെ. ടി. ഏനാമാക്കൽ യൂണിറ്റ്, 6. ശ്രീ. രാജു കെ.ജി., അരിമ്പൂർ യൂണിറ്റ് 7. ശ്രീ. ജോഷി എൻ. എഫ്, അരിമ്പൂർ യൂണിറ്റ്

**മാർച്ച്-ഏപ്രിൽ മാസങ്ങളിലെ പ്രധാന പരിപാടികൾ**

**മാർച്ച് 7 വനിതാ ദിനവും വനിതകൾക്കായി തൊഴിൽ ശില്പശാലയും**

സ്ഥലം : കാൽവരി സോഷ്യൽ സെന്റർ, പുത്തോൾ സമയം : 07.03.2015 ശനിയാഴ്ച ഉച്ച്ക്ക് 1.30ന്

**മാർച്ച് 19 അതിരൂപത പതാക ദിനാഘോഷവും അംഗത്വവിതരണ ഉദ്ഘാടനവും**

സ്ഥലം : സെന്റ് മേരീസ് ചർച്ച്, വേണ്ടോർ, സമയം രാവിലെ 7 മണി.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
**ഡയറക്ടർ**

ജനറൽ സെക്രട്ടറി
**വർഗ്ഗീസ് മച്ചാട്**

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധനവും സൗഭാഗ്യവും

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ നേതൃത്വത്തിൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് രാവിലെ നിത്യവ്രത വാഗ്ദാന ചടങ്ങ് നടത്തി. ഫാ. ജോബി മേരിസൺ ദിവ്യബലിക്ക് കാർമ്മികത്വം വഹിച്ചു. 160 അംഗങ്ങൾ നിത്യവ്രതവാഗ്ദാനം നടത്തി. സി. റോസ്‌ലിൻ, പി. ഐ. സൈമൺ, സണ്ണി വടക്കൻ എന്നിവർ നേതൃത്വം നൽകി.

ഉച്ചതിരിഞ്ഞ് നടന്ന നേതൃസംഗമത്തിൽ 2015 വർഷത്തെ പ്രവർത്തന കലണ്ടർ വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. പി.ഐ. സൈമൺ അദ്ധ്യക്ഷത വഹിച്ചു.സണ്ണി വടക്കൻ സ്വാഗതവും മേരി ജോർജ്ജ് നന്ദിയും പറഞ്ഞു. ഫാ. പോൾ അടമ്പുകുളം മുഖ്യപ്രഭാഷണം നടത്തി. അതിരൂപത തലത്തിൽ ഏറ്റവും നല്ല ഒന്നാമത്തെ യൂണിറ്റ് ആയി കുണ്ടന്നൂരിനെയും രണ്ടാമത്തെ യൂണിറ്റ് ആയി പുതുക്കാടിനേയും മൂന്നാമത്തെ യൂണിറ്റായി ഗുരുവായൂരിനേയും തിരഞ്ഞെടുത്തു. ഏറ്റവും നല്ല റീജിയണായി ഒല്ലൂരിനേയും രണ്ടാമത്തെ റീജിയണായി പാലയൂരിനേയും മൂന്നാമത്തെ റീജിയണായി വടക്കാഞ്ചേരിയേയും തിരഞ്ഞെടുത്തു. വിജയികൾക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.

ഫെബ്രുവരി 6, 7, 8 തിയതികളിൽ പാലക്കാട് മുണ്ടൂർ സീനായ് ധ്യാനകേന്ദ്രത്തിൽ വെച്ച് പ്രോവിൻസ് തലത്തിൽ മൂന്നു ദിവസത്തെ പഠനക്യാമ്പ് നടത്തി. മാർ ജേക്കബ് മനത്തോടത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. സന്ദേശം നൽകി. പ്രോവിൻഷ്യാൾ ഫാ.റാഫി പാലിയേക്കര മുഖ്യ പ്രഭാഷണം നടത്തി. ഫാ. ജോസ് മുണ്ടാടൻ , ഫാ. ജോസ് പീറ്റർ പോന്നോർ, ഫാ. റോജർ വാഴപ്പിള്ളി, ഫാ. സണ്ണി പള്ളിപ്പാട്ട്, ഫാ. ആന്റണി വടക്കൻ, പി. ഐ. സൈമൺ മാസ്റ്റർ, ഡോ. റെജി ജോസഫ്, സാബു കുരിയൻ എന്നിവർ വിവിധ ദിവസങ്ങളിൽ ക്ലാസ്സുകൾ നയിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,** സെക്രട്ടറി

# ചിൽഡ്രസ് മിനിസ്ട്രി

0487-2325336, 9947582522

**നന്ദി .... സ്വാഗതം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയറക്ടറായി ഒരു വർഷ ക്കാലം സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ആന്റണി മേച്ചേരിപ്പടി അച്ചന് തിരുബാലസഖ്യത്തിന്റേയും ജൂനിയർ സി.എൽ.സി. സംഘടനകളുടേയും അൾത്താര സംഘത്തിന്റേയും പ്രത്യേകം നന്ദി അറിയിക്കുന്നു.

പുതുതായി നിയമിതനായ ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേലിന് ഹൃദ്യമായ സ്വാഗതവും ഒപ്പം എല്ലാവിധ ആശം സകളും നേരുന്നു.

**ആദ്യകുർബ്ബാനയ്ക്കൊരുങ്ങുന്ന അദ്ധ്യാപകരുടെ അർദ്ധദിന സെമിനാർ**

ആദ്യകുർബ്ബാന സ്വീകരണത്തിനൊരുക്കുന്ന അദ്ധ്യാപകർക്ക് അതിരൂപത തലത്തിൽ 2015 മാർച്ച് 7–ാം തിയതി ഡി.ബി.സി.എൽ.സിയിൽ വെച്ച് അർദ്ധ ദിന പരിശീലന പരിപാടി ഒരുക്കിയിരുന്നു. ഉത്തരവാദിത്വപ്പെട്ട അദ്ധ്യാപകരെ നിർബന്ധമായും പറഞ്ഞയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സമയം ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ വരുന്നവരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീ സിൽ മാർച്ച് 4ന് മുമ്പ് വിളിച്ചറിയിക്കേണ്ടതാണ് (ഫോൺ : 0487 – 2325336, 8547250833)

**യൂണിറ്റ് രജിസ്ട്രേഷൻ 2015**

തിരുബാലസഖ്യം ജൂനിയർ സി.എൽ.സി. അൾത്താര സംഘം എന്നീ സംഘടനകളുടെ യൂണിറ്റ് രജിസ്ട്രേഷൻ ഇതുവരെയും പുതുക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. യൂണിറ്റ് രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ എത്രയും വേഗം യൂണിറ്റ് രജിസ്ട്രേഷൻ നടത്തി ഫോം കൈപ്പറ്റേണ്ടതാണ്.

**അനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ്**

2015 ഏപ്രിൽ 21, 22, 23 എന്നീ തിതികളിലായി തിരുബാലസഖ്യം, ജൂനി യർ സി. എൽ.സി. അൾത്താര സംഘം എന്നീ സംഘടനകളുടെ അനിമേറ്റേ ഴ്സിനായി ഒരു ഫോർമേഷൻ ക്യാമ്പ് ഒരുക്കിയിരിക്കുന്നു. ഏപ്രിൽ 21 ചൊവ്വ രാവിലെ 9.30 മുതൽ ഏപ്രിൽ 23 വ്യാഴം 10 മണിവരെ നടത്തുന്ന ഈ ഫോർമേ ഷൻ ക്യാമ്പിൽ എല്ലാ സംഘടനകളുടേയും ആനിമേറ്റർമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസട്രേഷൻ ഫീസ് 100 രൂപ ക്യാമ്പിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ആനിമേറ്റേഴ്സ് മാർച്ച് 31ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്ട്രർ ചെയ്യേണ്ടതാണ്. ബൈബിൾ, പേന, ബുക്ക്, മറ്റ് അത്യാ

വശ്യ സാധനങ്ങൾ കയ്യിൽ കരുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് (ഫോൺ 0487 – 2325336, 9947582500)

### അതിരൂപത Saints Quiz 2014-15

അതിരൂപതാ തല സെയിന്റ്സ് ക്വിസ്സ് 2015 ഏപ്രിൽ 25 ശനിയാഴ്ച ഡി.ബി.സി.എൽ.സിയിൽ വെച്ച് നടത്തപ്പെടുന്നു. ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ പങ്കെടുക്കുന്ന ഓരോ ടീമും 50 രൂപ രജിസ്ട്രേഷൻ അന്നേദിവസം അടയ്ക്കേണ്ടതാണ്. അതിരൂപതാ തല സെയിന്റ്സ് ക്വിസ് ഓഡിയോ വിഷൽ ആയിരിക്കും പങ്കെടുക്കുന്ന ടീമുകൾ 1.00 pm റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1/2 Follow up 1/15

2000 ആണ്ടിൽ ജനിക്കുവാൻ ഭാഗ്യം ലഭിക്കുകയും 2012ൽ 12വയസ്സ് തികയുകയും ചെയ്യുന്ന കുട്ടികൾക്കായി ചിൽഡ്രൻസ് മിനിസ്ട്രി ഒരുക്കുന്ന ഒരു വിഷനറി പ്രോജക്ടാണ് 1/12 ഓരോ വർഷവും അതാത് വർഷത്തിന്റെ പേരിലാണ് അറിയപ്പെടുക.

ഈ വർഷം 1/15 സംഗമം 2015 ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ഡി.ബി.സി.എൽ.സിയിൽ വെച്ച് നടത്തപ്പെടുന്നു. ആയതിനാൽ 1/12, 1/13, 1/14 മീറ്റിംഗിൽ പങ്കെടുത്തിരുന്ന കുട്ടികളെ 1/15 മീറ്റിംഗിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. വരുന്നവർ ഉച്ചഭക്ഷണം കരുതേണ്ടതാണ്. മാർച്ച് 31ന് മുമ്പ് 1/15 മീറ്റിംഗിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ 0487 2323336, 9947582522)

## A. തിരുബാലസഖ്യം

### Sparsh Camp 2015

2015 ഏപ്രിൽ 7, 8, 9 തിയതികളിലായി തിരുബാലസഖ്യ ത്രിദിന ഫോർമേഷൻ ക്യാമ്പ് സ്പർശ് 2015 നടത്തപ്പെടുന്നു. ഏപ്രിൽ 7 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഏപ്രിൽ 9 വ്യാഴാഴ്ച രാവിലെ 10 മണിക്ക് അവസാനിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ. ഇടവകകളിലും സ്കൂളുകളിലും 4–ാം ക്ലാസ്സ് മുതൽ 7–ാം ക്ലാസ്സ് വരെ പഠിക്കുന്നവരെ തിരുബാലസംഘടനയിൽ സജീവരായി പ്രവർത്തിക്കുന്നവരേയുമാണ് ഈ ക്യാമ്പിലേക്ക് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്നും 4 അംഗങ്ങൾക്കു മാത്രമേ (2 ആൺ, 2 പെൺ) പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഈ നേതൃത്വ പരിശീലന ക്യാമ്പിൽ വെച്ചാണ് പുതിയ അതിരൂപത ഫൊറോന ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തിയതി മാർച്ച് 31 ആണ്. (ഫോൺ 0487 2325336, 9947582522)

## B. ജൂനിയർ സി. എൽ.സി.

ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പ് – 2015

2015 ഏപ്രിൽ 13, 14, 15 തീയതികളിലായി ഡി.ബി.സി.എൽ.സിയിൽ വെച്ച് നടത്തപ്പെടുന്ന ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പിലേക്ക് ഓരോ ഇടവകയിലും 8–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സ് വരെയുള്ള 4 അംഗങ്ങൾക്ക് (2 പെൺ – 2 ആൺ) മാത്രമേ ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ സാധിക്കൂ. ഒരാൾക്ക് രജിസ്ട്രേഷൻ ഫീസ്100 രൂപ. രജിസ്ട്രേഷന്റെ അവസാന തിയതി മാർച്ച് 31. ബൈബിൾ, പേന, ബുക്ക് മറ്റ് അത്യാവശ്യ സാധനങ്ങൾ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ദിവസങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗം അനുവദനീയമല്ല. (0487 2325336, 9947582522)

## C. അൾത്താര സംഘം

**ബെർക്കുമെൻസ് ക്യാമ്പ് 2015**

2015 ഏപ്രിൽ 16, 17, 18 തീയതികളിലായി ഡി.ബി.സി.എൽ.സിയിൽ വെച്ച് ബെർക്കുമെൻസ് ക്യാമ്പ് നടത്തപ്പെടുന്നു. ഏപ്രിൽ 16 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഏപ്രിൽ 18 ശനിയാഴ്ച രാവിലെ 10 മണി വരെയാണ് ഓരോ ഇടവകയിൽനിന്നു 2 അൾത്താര ബാലന്മാർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. രജിസ്ട്രേഷൻ ഫീസ് 100 രൂപ. മാർച്ച് 31ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ബൈബിൾ പേന, ബുക്ക് മറ്റ് അത്യാവശ്യസാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പിന്റെ ദിവസങ്ങളിൽ മൊബൈൽ ഫോൺ അനുവദനീയമല്ല. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക (0487 2325336, 9947582522)

**പ്രാർത്ഥിക്കാൻ.... പ്രവർത്തിക്കാൻ** (2015 മാർച്ച്)

**തിരുവചന പഠനം** : "നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ" (മത്താ. 15 : 28)

**സുകൃത ജപം** : എളിമയെന്ന പുണ്യം എന്നെ പഠിപ്പിക്കണമെ.

**പ്രാർത്ഥന നിയോഗം** : കുടുംബപ്രശ്നങ്ങൾ മൂലം പഠനത്തിൽ ശ്രദ്ധിക്കാൻപറ്റാത്ത കൂട്ടുകാർക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം** : സമയം പാഴാക്കാതെ എന്തെങ്കിലും നന്മ ചെയ്യുക.

**പരിചയപ്പെടുന്ന വിശുദ്ധൻ** : വി. യോഹന്നാൻ (മാർച്ച. 08)

**കോഡിനേറ്റർ**
**സി. മിനി SSPC**

**ഡയറക്ടർ**
**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ നേതൃത്വത്തിൽ ആതുരശുശ്രൂഷാ രംഗത്തു സേവനമനുഷ്ഠിക്കുന്നവർക്കായി 2015 ജനുവരി 25 ഞായറാഴ്ച രാവിലെ 9.30 മുതൽ തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായുള്ള അതിരൂപതയിലെ ആദ്യസംഗമം നടന്നു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ രോഗീശുശ്രൂഷ ജീവന്റെ ശുശ്രൂഷയാണെന്നും സമർപ്പിതർ മാർപാപ്പയുടെ ആഹ്വാന പ്രകാരം ലോകത്തെ ഉണർത്തുകയാണ് ചെയ്യേണ്ടതെന്നും ഊന്നി പറഞ്ഞു.

തൃശ്ശൂർ അതിരൂപത സി.എൻ.ജി.ഐ. ഡയറക്ടർ ഫാ. സിജോ അരിക്കാട്ട് സ്വാഗതം ചെയ്ത യോഗത്തിൽ അമല ആശുപത്രിയിലെ സി.എൻ.ജി. ഐ. അഡ്വൈസർ ഫാ. ഷിബു പുത്തൻപുരക്കൽ സി.എം.ഐ. ആശംസയേകി. സി.എൻ.ജി.ഐ. പ്രസിഡന്റ് സി. ദേപ്പാസി സി.എസ്.സി. ഏവർക്കും നന്ദി പറഞ്ഞു. തൃശ്ശൂർ മതബോധന അസി. ഡയറക്ടർ ഫാ. ലിജോ മേച്ചേരിപ്പടി ദിവ്യബലിക്കു മുഖ്യകാർമ്മികത്വം വഹിക്കുകയും നോർത്ത് ഈസ്റ്റ് അരുണാചൽ പ്രദേശിലെ പള്ളോട്ടൈൻ മിഷനറി ഫാ. ജോൺസൺ പുത്തൂർ വചനസന്ദേശത്തിലൂടെ സമർപ്പിതരുടെ ആവശ്യങ്ങളും ക്രിസ്തുവിന്റെ വചനവിളക്കായി പ്രവർത്തിക്കാൻ ക്ഷണിക്കുകയും ചെയ്തു. 250ഓളം പേർ പങ്കെടുത്ത യോഗത്തിൽ തുടർന്ന് സ്നേഹവിരുന്നും തീരദേശത്തേയ്ക്കു ഉല്ലാസയാത്രയും സംഗമത്തിനു കൂടുതൽ ചാരുതയേകി. ഫാ.സിജോ അരിക്കാട്ട്, ഡയറക്ടർ സി. ദെപ്പാസി സി.എസ്. സി. പ്രസിഡന്റ് സി.ലിസറ്റ് സി.എം.സി., സി. റൊസീന എഫ്. സി. സി., സി. ഇസബെല്ല സി.എച്ച്.എഫ്, ലിജി ഡേവീസ് എന്നിവർ നേതൃത്വം നൽകി.

2015 മാർച്ച് മാസത്തിൽ കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ രണ്ട് ബാച്ചുകളിലായി നടത്താൻ നിശ്ചയിച്ചിട്ടുള്ള നഴ്സസ് ധ്യാനത്തിൽ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന എല്ലാവർക്കും ജാതിമതവ്യത്യാസം കൂടാതെ പങ്കെടുക്കാവുന്നതാണ്. ധ്യാനദിവസങ്ങൾ മാർച്ച് 1 മുതൽ 5 വരെയും, മാർച്ച് 8 മുതൽ 12 വരെയും ആയിരിക്കും. എല്ലാ ഇടവക പള്ളികളിലും വികാരിയച്ചന്മാർ മുഖേന ഈ വിവരം അറിയിക്കേണ്ടതാണ്. ഈ ആത്മീയ വിരുന്നിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :

9497070947, 9142429078, 91424437917, 8281888361

ഡയറക്ടർ
**റവ.ഫാ. സിജോ അരിക്കാട്ട്**

സെക്രട്ടറി
**സി. റൊസീന ഡേവീസ് FCC**

# സി. എൽ. സി.

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് സഹകരിച്ച സി.എൽ.സി. ഫൊറോന യൂണിറ്റ് പ്രൊമോട്ടർമാർക്കും ഫൊറോന യൂണിറ്റ് ഭാരവാഹികൾക്കും മുഴുവൻ സി. എൽ. സി. പ്രവർത്തകർക്കും അതിരൂപത സി. എൽ. സി.യുടെ നന്ദി.

**ലൂർദ്ദ് മാതാ തിരുനാൾ**

തൃശ്ശൂർ അതിരൂപതാ സി. എൽ. സി. ലൂർദ്ദ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഫെബ്രുവരി 11ന് രോഗീദിനമായി ആചരിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിലെ രോഗികൾക്ക് ഭക്ഷണ വിതരണം സംഘടിപ്പിച്ചു. അതിരൂപത സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് സി. എൽ.സി. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ സി. എൽ.സി. വെളപ്പായ യൂണിറ്റ് പ്രൊമോട്ടർ റവ. ഫാ. ജോഫി ചിറയത്ത് അതിരൂപത ജനറൽ ഓർഗനൈസർ ബിനോയ് കാറളത്തുക്കാരൻ, കൺവീനർ ലാന്റോ കോളേങ്ങാടൻ മറ്റ് രൂപത ഭാരവാഹികൾ നേതൃത്വം നൽകി.

**പ്രൊമോട്ടർക്ക് സ്വാഗതം**

അതിരൂപത സി. എൽ.സി.യുടെ അസി. പ്രൊമോട്ടേഴ്സായി ചാർജ്ജെടുത്ത റവ. ഫാ. ആന്റണി മേച്ചേരിപ്പടിക്ക് സ്വാഗതം

**യൂണിറ്റ് ഇലക്ഷൻ**

സി. എൽ. സി. യൂണിറ്റ് ഇലക്ഷൻ ഫെബ്രുവരി മാസത്തിൽ നടത്തിയ യൂണിറ്റുകൾ അതിരൂപത ഓഫീസിൽ ഭാരവാഹികളുടെ ലിസ്റ്റ് എത്തിക്കേണ്ടതാണ്. യൂണിറ്റ് ഇലക്ഷനുകൾ സംഘടിപ്പിക്കാത്ത യൂണിറ്റുകൾ ഇലക്ഷൻ മാർച്ച് 15ന് മുമ്പ് നടത്തി അതിരൂപത ഓഫീസിൽ ലിസ്റ്റ് എത്തിക്കേണ്ടതാണ്.

**ഗ്രാമപത്രം**

എല്ലാ യൂണിറ്റുകളിലും ഗ്രാമ പത്രത്തിനായ് ബോർഡ് സ്ഥാപിക്കേണ്ടതാണ്. എല്ലാ ആനുകാലിക പ്രശ്നങ്ങളും മൂല്യങ്ങളുള്ള ആശയങ്ങളും പ്രദർശിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. മാർച്ച് മാസത്തെ വിഷയം : “സ്നേഹം വെറുപ്പിനെ കീഴടക്കുന്നു” ഗാന്ധിജി

**എൻവയോൺമെന്റ് മാനേജ്മെന്റ്**

പാലയൂർ തീർത്ഥാടനത്തോടനുബന്ധിച്ച് തീർത്ഥാടനപാതയിലെ വേസ്റ്റ് ക്ലീൻ ചെയ്യുവാൻ അതിരൂപത സി. എൽ. സി. വളണ്ടിയേഴ്സ് അണിനിരക്കുന്നു. താല്പര്യമുള്ളവർ അതിരൂപത ഓഫീസിലോ ഫൊറോന ഭാരവാഹികളേയോ അറിയിക്കേണ്ടതാണ്.

**റവ . ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ആന്റണി മേച്ചേരിപ്പടി**
അസി. പ്രൊമോട്ടർ

**ബിജിൽ സി. ജോസഫ്**
ജന. സെക്രട്ടറി

# കത്തോലിക്കാ കോൺഗ്രസ്സ്

**ദേവാലയ ആക്രമണങ്ങളിൽ പ്രതിഷേധിച്ചു.**

ഭാരതത്തിൽ തുടർച്ചയായി ഉണ്ടായി കൊണ്ടിരിക്കുന്ന ദേവാലയ ആക്രമണങ്ങളിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രതിഷേധവും ഉത്കണ്ഠയും രേഖപ്പെടുത്തി. പ്രതിഷേധ യോഗത്തിൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. ഫാ. ജിയോ കടവി അഡ്വ. ബിജു കുണ്ടുകുളം പി. ഐ. ലാസർ മാസ്റ്റർ, എൻ. പി. ജാക്സൺ മാസ്റ്റർ, ഡേവീസ് പുത്തൂർ, ഡോ. മേരി റെജീന, ജോൺസൺ, അഡ്വ. സി.ജെ. ഡെന്നി എന്നിവർ നേതൃത്വം നൽകി സംസാരിച്ചു.

**യൂണിറ്റ് രൂപീകരണം തുടരുന്നു**

കത്തോലിക്ക കോൺഗ്രസ്സിന്റെ ഇടവക തല യൂണിറ്റ് രൂപീകരണം ഏപ്രിൽ മാസം പൂർത്തിയാക്കാവുന്ന തരത്തിൽ അഡ്ഹോക്ക് കമ്മറ്റിയുടെ നേതൃത്വത്തിൽ തുടരുന്നു. യൂണിറ്റ് രൂപീകരണങ്ങൾ അഡ്ഹോക്ക് കമ്മറ്റിയും ആയി ബന്ധപ്പെടേണ്ടതാണ്.

**കത്തോലിക്ക കോൺഗ്രസ് പൊതുയോഗം ചേർന്നു.**

ഇതുവരെക്കും യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ള ഇടവകകളിൽ നിന്നുള്ള ഭാരവാഹികളും സെൻട്രൽ അഡ്ഹോക്ക് കമ്മറ്റിയും സംയുക്ത യോഗം ബിഷപ്പ് ഹൗസിൽ വെച്ച് കൂടുകയുണ്ടായി. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തികൊണ്ട് തുടർപ്രവർത്തനങ്ങൾക്ക് മാർഗരേഖ തയ്യാറാക്കുകയും ചെയ്തു. ആർച്ച്ബിഷ്പ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷ വഹിച്ച യോഗത്തിൽ ഫാ. ജിയോ കടവിയുടെ നേതൃത്വത്തിലുള്ള അഡ്ഹോക്ക് കമ്മിറ്റി ചർച്ചകൾക്ക് നേതൃത്വം നൽകി.

**അനുമോദനങ്ങൾ**

കത്തോലിക്ക കോൺഗ്രസ്സിന്റെ പുതിയ സംസ്ഥാന സമിതിക്കും വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട തൃശ്ശൂർ അതിരൂപതാംഗം ശ്രീ.ഡേവീസ് പുത്തൂരിനും അതിരൂപത സമിതിയുടെ അനുമോദനങ്ങൾ

| | | |
|---|---|---|
| **ഫാ. ജിയോ കടവി** | **പി.ഐ. ലാസർ മാസ്റ്റർ** | **എൻ.പി. ജാക്സൺ മാസ്റ്റർ** |
| ഡയറക്ടർ | കൺവീനർ | സെക്രട്ടറി |

# ആബാ റിന്യൂവൽ സെന്റർ

**ഏകദിന ദൈവചന ശുശ്രൂഷകൾ**

തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2015 ജനുവരി മാസത്തിൽ താഴെ പറയുന്ന തിയതികളിൽ ആബാ കേന്ദ്രത്തിൽ ഏകദിന ദൈവവചന ശുശ്രൂഷകൾ നടന്നു. രാവിലെ 9.30ന്

ജപമാലയോടെ ആരംഭിച്ച് ഉച്ചതിരിഞ്ഞ് 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

1.01.2015 ബ്രദ. സുനീഷ് വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

8.01.2015 ബ്രദ. ആന്റണി വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

15.01.2015 ബ്രദ. ജോർജ്ജ് നേരെപറമ്പിൽ വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

22.01.2015 ബ്രദ. ഫ്രാൻസീസ് വടക്കൻ വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

29.01.2015 ബ്രദ. ബാബു പൊന്നൂക്കര വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

**പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതയിലെ പ്രീച്ചേഴ്സ് -കൗൺസിലേഴ്സ് കൂട്ടായ്മ 2015 ജനുവരി മാസം 5-ാം തിയതി തിങ്കളാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽ രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. തിരുവചനം അഡ്വ. സെബി ജെ. പുല്ലേലി പങ്കുവച്ചു. വി. ബലിക്ക് റവ. ഫാ. ജോൺസൺ ചിറ്റിലപ്പിള്ളി നേതൃത്വം നൽകി. പ്രീച്ചേഴ്സും കൗൺസലേഴ്സും പങ്കുവെക്കുകയും കോ-ഓഡിനേറ്റർ ജെയിംസ് വടക്കൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രാർത്ഥനയോടെ 3 മണിക്ക് സമാപിച്ചു.

**അഡ്വൈസറി കൗൺസിൽ**

തൃശ്ശൂർ അതിരൂപതയിലെ 16 സബ്സോൺ (ഫോറോന) കോ-ഓഡിനേറ്റേഴ്സും കെ. എസ്.ടി, കെ. എസ്.സി. മെമ്പേഴ്സും സർവ്വീസ് ടീം ചേരുന്ന അഡ്വൈസറി കൗൺസിൽ 2015 ജനുവരി 5-ാം തിയതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 3.30ന് ആബാ ധ്യാനകേന്ദ്രത്തിൽ ചേർന്നു. രൂപതാ പ്രവർത്തനം വിലയിരുത്തി. പുതിയ നേതൃത്വത്തെ കണ്ടെത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു. കോ-ഓഡിനേറ്റർ എം.എ. ബാബു വചനം പങ്കുവച്ചു. പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി വി. വി. ജോസ് അവതരിപ്പിച്ചു. 5 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2015 ജനുവരി മാസത്തിൽ താഴെപറയുന്ന തിയതികളിൽ ആബാ കേന്ദ്രത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനാ കൂട്ടായ്മ നടന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിക്കുകയും വൈകീട്ട് 3 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

02.01.2015 വചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി

09.01.2015 വചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ലൂവീസ് ചാലക്കൽ നേതൃത്വം നൽകി

16.01.2015 വചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി

23.01.2015 വചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി

30.01.2015 വചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി

**തുവ്വാനിസ കൂട്ടായ്മ**

തൃശ്ശൂർ ആബാ കേന്ദ്രത്തിൽ 2015 ജനുവരി 12 തിയതി രാവിലെ 9.30ന് ജപമാലയോടെ തുവ്വാനിസ കൂട്ടായ്മ ആരംഭിച്ചു. തിരുവചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ലൂയീസ് ചാലക്കൽ നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3 മണിക്ക് സമാപിച്ചു.

**സിങ്കിൾസ് കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതയിലെ കരിസ്മാററിക് നവീകരണ മുന്നേറ്റത്തിന്റെ ഭാഗമായ സിങ്കിൾസ് കൂട്ടായ്മ 2015 ജനുവരി 13-ാം തിയതി ആബാ ധ്യാനകേന്ദ്രത്തിൽ രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. തിരുവചനം കോ-ഓഡിനേററർ എം. എ. ബാബു പങ്കുവെച്ചു. വി. ബലിക്ക് റവ. ഫാ. ലൂവീസ് ചാലക്കൽ നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3 മണിക്ക് സമാപിച്ചു.

**കപ്പിൾസ് മിനിസ്ട്രി**

തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ ഭാഗമായ കപ്പിൾസ് മിനിസ്ട്രിയുടെ കൂട്ടായ്മ 2015 ജനുവരി 24-ാം തിയതി ആബാ ധ്യാനകേന്ദ്രത്തിൽ ഉച്ചതിരിഞ്ഞ് 2 മണിക്ക് ആരംഭിച്ചു. കേരള കപ്പിൾസ് മിനിസ്ട്രി കോ-ഓഡിനേറ്റർ ഫ്രാൻസീസ് പുല്ലൻ തിരുവചനം പങ്കുവച്ചു. സെക്രട്ടറി ഷാജു ഇരിങ്ങാലക്കുട പ്രവർത്തനം വിലയിരുത്തുകയും നിർദ്ദേശങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. ജപമാലയോടെ ആരംഭിച്ചു. 4 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **എം. എ. ബാബു** | **വി. വി. ജോസ്** |
| ഡയറക്ടർ | കോ-ഓർഡിനേറ്റർ | സെക്രട്ടറി |

# പാസ്റ്ററൽ കൗൺസിൽ യോഗം

16-ാം പാസ്റ്ററൽ കൗൺസിലിന്റെ നാലാം യോഗം **2015 മാർച്ച് 14 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ച തിരിഞ്ഞ് 4 വരെ ഡി. ബി. സി. എൽ. സി. യിൽ**വച്ചായിരിക്കും. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് ക്ഷണിക്കുന്നു.

16-ാം പാസ്റ്ററൽ കൗൺസിലിന്റെ 2015 വർഷത്തിലെ സമ്മേളനങ്ങൾ താഴെ പറയുന്ന തീയതികളിലായിരിക്കും നടത്തപ്പെടുന്നത്.

**മാർച്ച് 14, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ)**

**ജൂൺ 13, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)**

**സെപ്തംബർ 12, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ)**

**നവംബർ 14, ശനി – അവാർഡ് ദിനം (ഉച്ചകഴിഞ്ഞ് 1:30 മുതൽ 5 വരെ)**

## രക്തദാനവും ഡയാലിസിസും

ഈ വർഷത്തെ അതിരൂപതാ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തുന്ന ഡയാലിസിസ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ സ്പോൺസർ ചെയ്യുന്നു. ഡയാലിസിസ് സ്പോൺസർ ചെയ്യുന്നതിന് ഉദാരമായി സഹകരിക്കാൻ അംഗങ്ങളെ ക്ഷണിക്കുന്നു. ഡയാലിസിസ് ഒന്നിന് 500/- രൂപയാണ് സ്പോൺസർ സംഖ്യ. മെയ് 15ന് മുമ്പ് സംഖ്യ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.




ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ജനറൽ സെക്രട്ടറി



അഡ്വ. ബിജു കുണ്ടുകുളം
സെക്രട്ടറി

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.02.2014
Mar. 2015




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005